കോൺഗ്രസ് മെമ്പർമാരുടെ ഇംഗ്ലീഷ് വിരോധം

(പി ടി ഐ) പാറ്റ്ന മാ 11

ബീഹാർ കളിയാൻ മേഖലാ ഡിപ്പോയിലെ കോപ്പികളിൽ ഇംഗ്ലീഷിൽ വിതരണം ചെയ്യുന്നതിൽ പ്രതിഷേധിച്ച് ബീഹാർ ലെജിസ്ലേറ്റീവ് കൗൺസിലിൽനിന്നും ഒരു കോൺഗ്രസ് മെമ്പറായ ഇന്ദ്രകുമാർ ഇറങ്ങിപ്പോക്ക നടത്തിയിരിക്കുന്നു.

Reg: No. K. 31

തൊഴിലാളി

Founder Father Vadakkan

Honorary Chief Editor T. O. Mathew M. A. :: Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ് വഴി	വാരന്യൂപ്പതിപ്പ് പോസ്റ്റ് വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	18_50	3 00
1 മാസത്തേയ്ക്ക്	4_65	1 50
ഏജൻറുമാർക്ക് ഒരു മാസത്തേയ്ക്ക്		
വാരന്യൂപ്പതിപ്പിന് അടക്കം		2_10
കാഠപ്രതി	0_07	0_10

മാനേജർ.

പുസ്തകം 12 | ലക്കം 69 | മാർച്ച് 12 വെള്ളി തൃശ്ശൂർ | വില 7 പൈസ | പേജ് 4

കോൺഗ്രസ്സ് ഭരിക്കുകയുമില്ല ഭരിപ്പിക്കുകയുമില്ല

വിദേശമൂലധനം വേണം വ്യവസ്ഥ നമ്മുടേതായിരിക്കുകയും വേണം ടി. ടി. കെ. ലോക്സഭയിൽ

(പി ടി ഐ) ന്യൂഡൽഹി മാ. 11

പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും ഇന്ത്യക്ക് വിദേശമൂലധനം ആവശ്യമുണ്ടെന്നും എന്നാൽ അതു ഇന്ത്യയുടേതായ വ്യവസ്ഥയിലല്ലാതെ മറ്റൊരു വ്യവസ്ഥയിൽ വരുത്തുവാൻ ഒരിക്കലും സമ്മതിക്കുകയില്ലെന്നും ധനകാര്യമന്ത്രി ടി ടി. കൃഷ്ണമാചാരി ഇന്ന് ലോക്സഭയിൽ പ്രസ്താവിച്ചു.

വിദേശമൂലധനം പ്രവാഹത്തിനുള്ള സാഹചര്യം ഇപ്പോൾ ഉണ്ടായിക്കഴിഞ്ഞിട്ടില്ലെന്നും എന്നാൽ കാര്യങ്ങൾക്ക് മാറ്റം വരുമെന്നും അദ്ദേഹം പറഞ്ഞു.

വിദേശമൂലധനം സംബന്ധിച്ച നിരവധി ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു മി. ടി. ടി. കെ.

പാർലമെൻറിനകത്ത് ആത്മനിയന്ത്രണം പാലിക്കണം കോൺഗ്രസ് എം. പി. മാരോട് ശാസ്ത്രി

(പി ടി ഐ) ന്യൂഡൽഹി, മാ. 11

പാർലമെൻറിനകത്തു ക്രമാതീതമായ ആത്മനിയന്ത്രണത്തോടെ പെരുമാറുകയും അച്ചടക്കത്തിന്റെ അന്തസ്സ് നിലനിർത്താൻ സഹായിക്കുകയും ചെയ്യണമെന്ന് കോൺഗ്രസ് എം. പി. മാരോട് പ്രധാനമന്ത്രി ശാസ്ത്രി പ്രസ്താവിച്ചിരിക്കുന്നു. പാർട്ടിയുടെ ഒരു ജനാൽപ്പാഠിയായ ശത്രുവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

എസ്. എസ്. പിക്ക് 'കടിൽ' തന്നെ

(പി ടി ഐ) ബോംബെ മാ. 11

സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയുടെ ചിഹ്നമായി 'കടിൽ' തിരഞ്ഞെടുപ്പുകമ്മീഷൻ അനുവദിച്ചിരിക്കുന്നതായി ഒരു പാർട്ടിവക്താവു ഇന്നിവിടെവെച്ചു പ്രസ്താവിച്ചു. ആസ്സാം, ബീഹാർ, ഗുജറാത്ത്, കേരളം, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, മൈസൂർ, രാജസ്ഥാൻ, ഉത്തരപ്രദേശ്, മണിപ്പൂർ എന്നിവിടങ്ങളിൽ എസ് എസ് പിക്ക് അതിനാൽ തിരഞ്ഞെടുപ്പുചിഹ്നമായി ഈ അയോളം വിനിയോഗിക്കാവുന്നതാണ്.

കോൺ: പാർല: ബോർഡ് യോഗതീരുമാനം

ഗവർണ്ണർ ഡെൽഹി സന്ദർശന പരിപാടി റദ്ദുചെയ്തു

(പി. ടി. ഐ.) ന്യൂഡൽഹി, മാ. 11

കോൺ. പാർട്ടി കേരളത്തിൽ ഒരു മന്ത്രിസഭ രൂപീകരിക്കരുതെന്നും ഒരു പ്രതിപക്ഷമെന്ന നിലയിൽ വർത്തിക്കണമെന്നും കേന്ദ്രപാർലമെൻറിബോർഡിന്റെ ഇന്നിവിടെ കൂടിയ യോഗം തീരുമാനിച്ചിരിക്കുന്നു.

കേരളത്തിലെ രാഷ്ട്രീയസ്ഥിതിഗതികളെ സംബന്ധിച്ച് കരുതിക്കൂട്ടി ദീർഘിച്ച ചർച്ചകൾ നടന്നു. അതിനുശേഷമാണ് പാർലമെൻറിന്റെ തീരുമാനം കോൺഗ്രസ് പ്രസിഡൻറ് കാമരാജ് പത്രലേഖകരെ അറിയിച്ചത്.

കേരളത്തിലെ കോൺഗ്രസ് പാർട്ടി യോഗത്തിൽ സ്പീക്കർക്കെതിരെ നിലപാടിനെപ്പറ്റി പാർലമെൻറ് മെമ്പർമാരുടെയിടയിൽ അഭിപ്രായഭിന്നതയുണ്ടായില്ലെന്നും തീരുമാനം ഏകകണ്ഠമായിരുന്നെന്നും കാമരാജ് ഇന്നത്തെ പത്രക്കാരോടു പറഞ്ഞു.

കാമരാജിനും പ്രധാനമന്ത്രി ശാസ്ത്രിക്കും പുറമെ മൊറാർജി ദേശായി, ജഗജീവൻറാം, ഇന്ദിരാഗാന്ധി, എസ്, കെ. പാട്ടീൽ, ശൈ. ബി. ചവാൻ എന്നീ അംഗങ്ങളും യോഗത്തിൽ സംബന്ധിച്ചിരുന്നു.

പ്രത്യേക ക്ഷണനമനുസരിച്ച് ജൂനിയർ മന്ത്രി നന്ദയും കാമരാജിൻറെ ക്ഷണമനുസരിച്ച് കെ. പി. സി. സി പ്രസിഡൻറ് കെ. സി ഏബ്രഹാമും പന്ന്യിലിയും യോഗത്തിൽ സംബന്ധിക്കുകയുണ്ടായി.

സംസ്ഥാനകോൺ. നിയമസഭാകക്ഷി മാർച്ച് 15_നു തിരുവനന്തപുരത്തു സമ്മേളിച്ച് പുതിയ നേതാവിനെ തെരഞ്ഞെടുക്കുന്നതുവരെ കാമരാജ് ഇടക്കാല പാത്രം. പിന്നീട് കെ. പി സി സിയുടെ ഒരു യോഗവും ചേരുന്നതാണ്. മതതെരഞ്ഞെടുപ്പുഫലം വിശകലനം ചെയ്യുകയും അതിൻറെ വെളിച്ചത്തിൽ പൊതുതെരഞ്ഞെടുപ്പിനെ ഉറ്റുനോക്കുകയുമാണ് യോഗത്തിൽ ചെയ്തതെന്നു കാമരാജ് പറഞ്ഞു.

കേരളത്തിൽ ഏതെങ്കിലും "യുഡിഎഫ് പക്ഷ" "ഗവർമെണ്ടിനെ" കോൺഗ്രസ് പിന്തുണ നൽകുമോ എന്ന ചോദ്യത്തിനു ഇല്ലെന്നും പ്രതിപക്ഷ കക്ഷികളിലും ഞങ്ങൾ പ്രതിപക്ഷത്തുതന്നെയായിരിക്കുമെന്നും കാമരാജ് മറുപടി നൽകി.

കോൺഗ്രസിൻറെ നിലപാടു കേരള [illegible] സംബന്ധിച്ചു കേന്ദ്രഗവർമെണ്ടിൻറെ പ്രതിനിധിയായി കൂടിയാലോചനകൾക്കായി ന്ന് ഡൽഹിയിലെത്തിയ ഗവർണ്ണർ ശ്രീ വി. വിശ്വനാഥൻ തൻറെ പരിപാടി റദ്ദുചെയ്തു.

നേരത്തെ തീരുമാനിച്ചിരുന്നതുപോലെത്തന്നെ ഇന്നലെ മദിരാശിയിലേയ്ക്കു പോയി. അവിടെ നാലുദിവസം താമസിച്ചതിനുശേഷം മാർച്ച് 15_നു അദ്ദേഹം തിരുവനന്തപുരത്തേയ്ക്കു മടങ്ങുന്നതാണ്.

അതിനുശേഷം, മന്ത്രിസഭാരൂപീകരണത്തിനു സാധ്യതയുണ്ടോയെന്നറിയാൻ വിവിധപാർട്ടിനേതാക്കളുമായി അദ്ദേഹം ആലോചനകൾ നടത്തുന്നതാണ്.

മാർച്ച് 30_നാണ് കേരളത്തിൽ പ്രസിഡണ്ടുഭരണം അവസാനിക്കുന്നത്.

ഒരു പരിശോധനക്ക് വിട്ടുകൊടുത്തിരിക്കുന്നു.

ഈ പ്രമേയത്തിനു ശ്രീപക്ഷ പിന്തുണയുള്ളതുകൊണ്ട് പാർലമെൻറ് അവയെ അംഗീകരിക്കുമെന്നാണ് നിരീക്ഷകർ കരുതുന്നത്.

—o—

കെ.ടി.പി. സെൻട്രൽ സെക്രട്ടേറിയറ്റ് ഇന്ന് യോഗംചേരുന്നു

തൃശ്ശൂർ മാ. 11

കർഷകതൊഴിലാളി പാർട്ടി സെൻട്രൽ സെക്രട്ടേറിയറിയേറ്റും പാർട്ടി സ്ഥാനാർത്ഥികളായിരുന്നവരുടേയും ഒരു സംയുക്തയോഗം വെള്ളിയാഴ്ച (12_3_'65) വൈകുന്നേരം 7 മണിക്ക് ചേരുന്നതാണ്.

ഇതൊരു ക്ഷണക്കത്തായി കരുതി എല്ലാവരും കൃത്യസമയത്തുതന്നെ യോഗത്തിൽ സംബന്ധിക്കണമെന്നു സെക്രട്ടറി അറിയിക്കുന്നു.

അടുത്ത വർഷത്തേക്കുള്ള ഗോതമ്പുനയം പ്രഖ്യാപനം അടുത്തുണ്ടാകും

ന്യൂഡൽഹി, മാ 10

ഇന്നിവിടെ പ്രധാനമന്ത്രിയുടെ വസതിയിൽ അദ്ദേഹത്തിൻറെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു യോഗം അടുത്തകൊല്ലത്തേക്കുള്ള 'ഗോതമ്പു' നയത്തെപ്പറ്റി കൂടുതൽ ചർച്ചകൾ നടത്തിയിരിക്കുന്നു. പഞ്ചാബ്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിലെ മുഖ്യമന്ത്രിമാരും ഫുഡ് ആറാറി ല കൃഷി_ഭക്ഷ്യ വകുപ്പുമന്ത്രിമാരും യോഗത്തിൽ സംബന്ധിച്ചു.

മാർച്ച് 5_നും പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഒരു യോഗം ഗോതമ്പുനയം ചർച്ച ചെയ്തിട്ടുണ്ടായിരുന്നു. ഗോതമ്പുവായ സംബന്ധിച്ച ഇന്ത്യാഗവണ്മെൻറിൻറെ തീരുമാനം അടുത്തുതന്നെ പബ്ലിഷ്പ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്നു.

പ്രസിഡണ്ടുഭരണം ഒഴിവാക്കാൻ സർവ്വസാദ്ധ്യതയുമാരായും

പത്രസമ്മേളനത്തിൽ ഇ. എം. എസ്സും ജ്യോതിഭാസുവും

എസ്. എസ്. പി മന്ത്രിസഭ രൂപീകരിക്കുകയാണെങ്കിൽ അതിനു പിന്തുണനൽകുന്നകാര്യം പരിഗണിക്കുമെന്നു

(പി ടി ഐ) തിരുവനന്തപുരം മാ. 11

ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകളെ ഒരു മന്ത്രിസഭ രൂപീകരിക്കുവാൻ അനുവദിക്കുന്നില്ലെങ്കിൽ മറേറതെങ്കിലും ഒരു കോൺഗ്രസേതര ഗവണ്മെൻറിനു പിന്തുണനൽകുന്നതുപ്പെടെ, കേരളത്തിൽ പ്രസിഡണ്ടുഭരണം ഉടനടിയുണ്ടാകാതിരിക്കുന്നതിനുള്ള എല്ലാ സാധ്യതകളും തങ്ങളുടെ കക്ഷി ആരായുന്നതായിരിക്കുമെന്നു ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടും ജ്യോതിഭാസുവും ഇന്നൊരു പത്രസമ്മേളനത്തിൽവെച്ചു പ്രസ്താവിച്ചിരിക്കുന്നു.

എസ് എസ് പി ഒരു മന്ത്രിസഭ രൂപീകരിക്കുകയാണെങ്കിൽ അതിനു പിന്തുണനൽകുന്നതിനുള്ള സാധ്യതകൾ തങ്ങൾ പരിഗണിക്കുന്നതായിരിക്കുമെന്നും അവർ പറഞ്ഞു. കേരളകോൺഗ്രസ്_മുസ്ലീംലീഗ് സഖ്യകക്ഷികൾ രൂപീകരിച്ചേക്കാവുന്ന മന്ത്രിസഭയെ സഹായിക്കുക എന്ന പ്രശ്നം ഇവ രണ്ടു പാർട്ടികളുടെയും പരിപാടികളെ ആശ്രയിച്ചിരിക്കുന്നതുകൊണ്ട് അവർ പ്രസ്താവിച്ചു.

പ്രസിഡണ്ടുഭരണം തങ്ങൾ ആഗ്രഹിക്കുന്നില്ലെന്നതിനാൽ തങ്ങളുടെ നിലപാടു് തികച്ചും അയവുള്ളതായിരിക്കുമെന്നും ഇന്നത്തെക്കുമെന്നും ഇന്നത്തെ അറിയിക്കുകയുണ്ടായി.

ജില്ലകളിൽനിന്നുള്ള പാർട്ടിപ്രതിനിധികളുടേയും തീരഞ്ഞെടുപ്പിൽ വിജയിക്കുകയ മാറ 11 മെമ്പർമാരുടേയും ഒരു യോഗം മാർച്ച് 13_നു തിരുവനന്തപുരത്തു ചേരുന്നുണ്ട്. പ്രസിഡണ്ടുഭരണം ഒഴിവാക്കുന്നതിനുള്ള സാധ്യതകളെപ്പറ്റിയും ചർച്ചചെയ്യുന്നതിനുവേണ്ടിയാണ് ഈ യോഗം വിളിച്ചുകൂട്ടുന്നത്.

സംഭവം എന്താണെന്നുവെച്ചാൽ:_

ഒരു വർഷത്തിലധികമായി കേരളത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രാദേശികപാർട്ടിയാണ് കേരളകോൺഗ്രസ്. ഈ പാർട്ടിയുടെ നേതാവായ ശ്രീ കെ. എം. ജോർജ്ജ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കോട്ടയത്തുനിന്നും ലോക്സഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടവരാണ്. ഈ പാർട്ടിയുടെ പിന്തുണയോടുകൂടിയാണ് കോൺഗ്രസ് ഇപ്പോൾ കേരളത്തിൽ ഭരണം നടത്തുന്നത്. കേരളകോൺഗ്രസ് പിന്തുണ പിൻവലിച്ചാൽ കോൺഗ്രസ് ന്യൂനപക്ഷമായിത്തീരുമെന്നുള്ളതുകൊണ്ടാണ് കേരളകോൺഗ്രസ് ഇപ്പോൾ കോൺഗ്രസിനെ ഭീഷണിപ്പെടുത്തുന്നതെന്നു പറയപ്പെടുന്നു.

ഇതിനിടയിൽ കേരളകോൺഗ്രസ് നേതാവായ ശ്രീ കെ. എം. ജോർജ്ജ് ഇന്നലെ ഡൽഹിയിൽ വെച്ചു പ്രസ്താവിച്ചതായി പത്രങ്ങളിൽ കാണുന്നു. കേരളത്തിൽ കോൺഗ്രസ്സിനു ഭൂരിപക്ഷമുണ്ടെന്നും അതുകൊണ്ടു കേരളകോൺഗ്രസ് പിന്തുണ പിൻവലിച്ചാലും കോൺഗ്രസ്സിനു ഭരിക്കുവാൻ കഴിയുമെന്നുമാണ് ശ്രീ ജോർജ്ജ് പറഞ്ഞതായി പത്രങ്ങൾ പറയുന്നത്. ഇതു ശരിയാണെങ്കിൽ കോൺഗ്രസ്സിനു കേരളകോൺഗ്രസ് പിന്തുണ ആവശ്യമില്ലെന്നും കേരളകോൺഗ്രസ് പിന്തുണ പിൻവലിച്ചാലും കോൺഗ്രസ്സിനു ഭരിക്കുവാൻ കഴിയുമെന്നുമാണ് ശ്രീ ജോർജ്ജ് പറഞ്ഞതായി പത്രങ്ങൾ പറയുന്നത്. ഇതു ശരിയാണെങ്കിൽ കോൺഗ്രസ്സിനു

കേരളധ്വനി

പോസ്റ്റേജ്തോട്ട് 90
ടെലഫോൺ 125
പ്രസിദ്ധീകരണം തടസ്സപ്പെടാതിരിക്കുന്നതിനുള്ള ഫോൺ 455

1965 മാർച്ച് 12-ാംതീയതി വെള്ളി

ഐക്യമാദ്യം

ഹിന്ദി ഒരു ബന്ധഭാഷയെന്ന നിലയിലും ഇംഗ്ലീഷ് സഹഭാഷ എന്ന നിലയിലും ഉടനടിനടപ്പിനു പരേതനായ പണ്ഡിറ്റ്ജി നൽകിയിട്ടുള്ള ഉറപ്പുകളെല്ലാം തന്നെ അക്ഷരംപ്രതി അനുവർത്തിക്കുന്നതിനുള്ള നിരുപാധികമായ ഉറപ്പ് രാജ്യസഭയിൽ പ്രധാനമന്ത്രി ശാസ്ത്രി നൽകിയിരിക്കുന്നു. നെഹ്റുവിന്റെ ഉറപ്പുകളെല്ലാം അനുസരിക്കുമെന്നും ഹിന്ദി കൈകാര്യം ചെയ്യാൻ സാധിക്കാത്ത കാലംവരെ ഇംഗ്ലീഷ് തുടരുന്നതാണെന്നും അദ്ദേഹം തറച്ചുപറയുകയുണ്ടായി. ഔദ്യോഗികഭാഷ അറവവന്നാനം ഹിന്ദിയായിരിക്കുമെന്നതിൽ സന്ദേഹമൊന്നുമില്ല.

സംസ്ഥാനങ്ങളിലെ ഭാഷകൾ എന്ന നിലയിൽ പ്രാദേശികഭാഷകളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. ഹിന്ദിയോടു് ആഭിമുഖ്യം കൂട്ടായമായ എതിർപ്പില്ലെന്ന കാര്യത്തിൽ പ്രധാനമന്ത്രിക്കു് സന്തോഷമുണ്ടു്. ദ്രാവിഡമുന്നേറ്റകഴകം നേതാവുപോലും അതിനെ സ്വാഗതം ചെയ്തകാര്യത്തിൽ ശാസ്ത്രിക്കു തീരെ വിശ്വാസമില്ല. അഭിപ്രായസ്വാതന്ത്ര്യം തടസ്സമൊന്നും കൂടാതെ നൽകപ്പെട്ടിട്ടുള്ള ഒരു സംഘടനയായതുകൊണ്ടു് കോൺഗ്രസ്സുകാർ ഒരു പക്ഷെ സ്വന്തം പാർട്ടിയെപ്പറ്റിത്തന്നെ വിമർശനങ്ങളും തൊടുത്തുവിട്ടാലും, കേന്ദ്രത്തിൽനിന്നു് നിർദ്ദേശം കിട്ടിയാൽ അതെല്ലാവരും അക്ഷരംപ്രതി അനുസരിക്കുമെന്നാണു് ശാസ്ത്രിയുടെ വിശ്വാസം.

ഐക്യമാണു് പ്രധാന പ്രശ്നമെന്നു് പ്രധാനമന്ത്രിക്കു് പണ്ടെത്തന്നെ ബോദ്ധ്യമുള്ള ഒരു കാര്യമാണെങ്കിലും അതിന്റെ അവസരോചിതമായ ആവർത്തിച്ചുള്ള പ്രസ്താവന ക്രമത്തിലധികം വൈകിപ്പോയി എന്നേ ഇന്നാട്ടുകാർക്കു് പരാതിയുള്ളൂ. സ്വയം തീവെച്ചു മരിച്ചവരും വെടിയേറ്റു് വീണവരുമായി എത്രയെത്ര മനുഷ്യജീവിതങ്ങളാ അടർന്നുവീണതിനുശേഷമാണു് യാഥാർത്ഥ്യബോധത്തോടുകൂടിയ ഈ പ്രസ്താവന വന്നതു്? ഹിന്ദിയിൽ മാത്രമായി കുറെ ഔദ്യോഗികരേഖകളും പ്രവഹിച്ചുപോയാണു് ദക്ഷിണേന്ത്യക്കാരുടെ ഭയാശങ്കകളും വർദ്ധിച്ചതും മദ്രാസ് സംസ്ഥാനത്തിൽ നടന്നതുപോലുള്ള അനിഷ്ടസംഭവങ്ങളും നടന്നതും. ഹിന്ദി ഔദ്യോഗിക ഭാഷയായിത്തീർന്ന അന്നുമുതല്ക്കു തന്നെ അതിനെ ഒരു ബന്ധഭാഷയായും ഇംഗ്ലീഷിനെ ഒരു സഹഭാഷയായും വിഭാവനചെയ്തുകൊണ്ടുള്ള വിശാലഹൃദയത്വം ഉത്തരേന്ത്യക്കാർക്കുണ്ടായിരുന്നെങ്കിൽ ഇമ്മാതിരി പ്രശ്നങ്ങൾ ഒന്നുംതന്നെ ഉണ്ടാകുമായിരുന്നില്ല.

കോൺഗ്രസ്സ് സംഘടനാ കക്ഷിയിൽപ്പെടുകയാണെന്നു് പറയുന്നതു് വെറുതെ പറയുകയാണെന്നാണു് പ്രധാനമന്ത്രിയുടെ ആശ്വാസം. "അധികപേർക്കുള്ള പിന്തുണയുണ്ടായിരിക്കുന്ന ജനസമൂഹത്തിന്റെ ഏറ്റവും വലിയ ശാപം അക്കാരും ആ സുഖമായ അറിയുകയില്ല എന്നതാണു്" എന്നു് സുപ്രസിദ്ധചിന്തകനായ ഫാൻടൻ ജെ. ഷീൻ ഒരിടത്തു് പ്രസ്താവിച്ചിട്ടുണ്ടു്. എല്ലാം ഭംഗിയാണെന്നും ഭദ്രമാണെന്നും ഉള്ള ബോദ്ധ്യത്തോടെയാണു് ആ സമുദായം മുന്നേറുക. ഇതു തന്നെയാണു് ഇന്ത്യയിൽ കോൺഗ്രസ് സംഘടനയെപ്പറ്റിയും ഞങ്ങൾക്കു പറയാനുള്ളതു്.

മൈസൂരിൽ "കേരള കോൺഗ്രസ്സ്"

മൈസൂരിലെ നിജലിംഗപ്പ മന്ത്രിസഭക്കെതിരായി ഉണയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളും പുനാഴ്ച്ചക്കം കോൺഗ്രസ്സ് പ്രസിഡണ്ടു് അന്വേഷിച്ചില്ലെങ്കിൽ അവിടത്തെ കോൺഗ്രസ്സ് നിയമസഭാകക്ഷിയിലെ 20 അംഗങ്ങളെങ്കിലും കോൺഗ്രസ്സിൽനിന്നു് വിട്ടുപോന്നു് മറെറാരു രാഷ്ട്രീയസംഘടന രൂപീകരിക്കുന്നതാണെന്നു് തീരുമാനിച്ചുകഴിഞ്ഞതെ ത്രേ. ഇപ്പോഴാകട്ടെ വിട്ടുപോയവരാൻ ഉദ്ദേശിക്കുന്നവരെല്ലാം പഴക്കംചെന്ന കോൺഗ്രസ്സുകാരായ ഉ കൊണ്ടു് പുതുതായി രൂപംകൊള്ളുന്ന പാർട്ടിയുടെ പേരു് മൈസൂർ കോൺഗ്രസ്സ് എന്നായിരിക്കുമെന്നും അവർ നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ടു്.

നിജലിംഗപ്പ മന്ത്രിസഭക്കെതിരായി റെബൽ കോൺഗ്രസ്സുകാർ ആഭ്യന്തരമന്ത്രി നന്ദക്കു് സമർപ്പിച്ച മെമ്മോറാണ്ടത്തിനു് ഇതേവരെ മറുപടി കിട്ടിയിട്ടില്ല. കുംബിനറവു് സുബ്ബുകമ്മാറി ഇക്കാര്യത്തിൽ എടുത്തിട്ടുള്ള തീരുമാനത്തിൽ റെബലുകാർ അസംതൃപ്തരാണു്.

മൈസൂർ കോൺഗ്രസ്സ് എന്ന പേരു സ്വീകരിക്കുന്നതിനു് റെബൽ കോൺഗ്രസ്സുകാർക്കു് മാനസികമായ കിടക്കുന്നതു് കേരളത്തിൽനിന്നാണു്. എങ്ങിനെയിരിക്കുന്നു കോൺഗ്രസ്സിൽ എല്ലാം ഭദ്രമാണെന്നുള്ള നമ്മുടെ പ്രധാനമന്ത്രിയുടെ പ്രസ്താവനയ്ക്കു് ഭാരതത്തിലെ ഇതര സംസ്ഥാനങ്ങൾക്കു് മാർഗ്ഗദർശനം നൽകാൻ കേരളത്തിനു് സാധിക്കുമെ എന്നു സംശയിക്കുന്നവർ എന്തു പറയുന്നു?

—o—

റേഡിയോ

മാർച്ച് 12 വെള്ളി

തിരുവനന്തപുരം, കോഴിക്കോടു്

ഉച്ച

464.5, 441.2, 5112 മീറ്റർ

രാവിലെ

6-50 മംഗളവാദ്യം
6-55 പ്രാദേശിക വാർത്തകൾ
7-00 ഗാന്ധിദർശനം
7-25 ഇന്നത്തെ ചിന്താവിഷയം
7-30 വാർത്തകൾ മലയാളത്തിൽ
7-45 അഞ്ജലി
8-00 വാർത്തകൾ ഇംഗ്ലീഷിൽ
8 15 വയലും വീടും
8-45 സമാപനം

ഉച്ചയ്ക്കുശേഷം

12-30 പ്രാദേശികവാർത്തകൾ
12-35 ചലച്ചിത്രഗാനങ്ങൾ
12-45 മഹാഭാരതം
1-20 വാർത്തകൾ മലയാളത്തിൽ
1 30 ലളിതഗാനങ്ങൾ (കമലാ-കൈലാസനാഥൻ)
1-40 വാർത്തകൾ ഹിന്ദിയിൽ
1-50 സുഗന്ധസംഗീതം
2-00 കലാവേദി—പ്രവചനം

രാത്രി

5-30 തൊഴിലാളിഭണ്ഡാരം
6-00 പ്രാദേശിക അറിയിപ്പുകൾ
6-05 പ്രാദേശികവാർത്തകൾ
6-15 നാടൻപാട്ടു്
7-00 ചലച്ചിത്രഗാനങ്ങൾ
7-30 വാർത്തകൾ മലയാളത്തിൽ
7-45 ദേശീയ വാർത്തകൾ
8-50 ഡൽഹി റിലേ
9 00 വാർത്തകൾ ഇംഗ്ലീഷിൽ
9-15 ഹിന്ദി കവിതാസ്വാദനം
9-30 ശബരിമല (മലയാളം പ്രഭാഷണം)
10-00 വയലും വീടും (പി ആർ മഗീരഥി)
10-30 വാർത്തകൾ ഇംഗ്ലീഷിൽ
10-35 സമാപനം

★

ഭാര്യയെ അന്വേഷിക്കുന്ന ഭാര്യ

ശ്രീനഗർ, മാ. 10

കാശ്മീരിലെ വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗം നോക്കുന്ന ഒരു സ്ത്രീ തന്റെ വിദ്വേഷമായ ഒരു ശസ്ത്രക്രിയയ്ക്കുശേഷം പുരുഷനായ ഒരു സംഗീതം റിപ്പോർട്ടു് ചെയ്തിട്ടുണ്ടു്. എ ഡബ്ലുക്ഷേഷൻ മാഹീസാമിനെന്ന പ്രസ്തുത സ്ത്രീ പണ്ടുകാലത്തിനുമുമ്പു് വിവാഹിതയാണു്. കഴിഞ്ഞ ദിവസം അവർ ഒരു സങ്കേതനത്തിനു് ഫാജരാകുന്നതിനുവേണ്ടി മാന്യനായ ഒരു പുരുഷനെ ന്റെ വേഷത്തിൽ വസ്ത്രങ്ങളണിഞ്ഞു് രംഗത്തു വന്നപ്പോഴാണു് ആളുകളെ അത്ഭുതപ്പെടുത്തിയതു്. വിദ്വേഷമായ ഒരു ശസ്ത്രക്രിയയ്ക്കുശേഷം അവർ പുരുഷനായിത്തീർന്നിരിക്കുന്നു. വിദ്യാഭ്യാസവകുപ്പിൽ അവർ തന്റെ പേരു് മിസ്സിസ്സ് ലക്ഷ്മി ഫന്നാ എന്നതിനുപകരം ലക്ഷ്മി കുമ്മു് റോബർ എന്നാക്കിത്തരണമെന്നു കാണിച്ചു് എഴുതി. ജമ്മുവിൽ ഇതിനുമുമ്പു് വിവാഹിതരായ പുരുഷന്മാർക്കു് ഭാര്യലിംഗികമാറ്റം സംഭവിച്ചിട്ടുണ്ടു്. എന്നാൽ വിദഗ്ദ്ധമായ ശസ്ത്രക്രിയയിലൂടെ ഉണ്ടാകുന്നതാദ്യമാണു്. ഇതിന്റെ ഫലമോ ഒരു മുള്ളി കുഞ്ഞൻ അവരുടെ മാതാവിനു് സമ്മാനിക്കുവാൻ മാത്രം സാധിച്ച അയാൾ പുരുഷകാലത്തിനുശേഷം ഒരു ഭാര്യയെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു മാത്രമല്ല അയാളുടെ ഭാര്യയും ഒരു ഭാര്യയെ കണ്ടു പിടിക്കണം.

ഗസറിയർ പ്രസിദ്ധീകരണം

പുതിയൊരു പരിഷ്കരണത്തിന്റെ ആവശ്യം

★ പ്രൊഫസർ ഹുമയൂൺ കബീർ ★

ഇന്ത്യാ ഗവർണ്മെന്റും സംസ്ഥാന ഗവർണ്മെന്റുകളും ഇന്ത്യൻ ഗസറിയറുകൾ പുതുക്കിയിരിക്കേണ്ടിയിരിക്കുകയാണെന്നു് നിങ്ങളിൽ പലർക്കും അറിയാം, പക്ഷേ ഏതാണീ ഗസറിയർ? ഭൂമിശാസ്ത്രപരമായ ഒരു സൂചിക, അല്ലെങ്കിൽ ശബ്ദകോശം—ഇതൊന്നു് ഗസറിയറിന്റെ വാച്യാർത്ഥം. പക്ഷേ അതിനേറെ പ്രവർത്തനമണ്ഡലം കുറെകൂടി വ്യാപകമാണു്. പരിമിതമായ ഒരു പരിധിയുള്ളിൽ, ലളിതമായ ശൈലിയിൽ, ഒരു രാജ്യത്തിന്റെയും ജനങ്ങളുടെയും സമഗ്രമായ ഒരു ചിത്രം അതു അവതരിപ്പിക്കുന്നു. ഗസറിയർ ഒരു പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ വിവരിക്കുകയും പ്രദേശവാസികളുടെ സാമൂഹ്യവും രാഷ്ട്രീയവുമായ ജീവിതത്തെപ്പറ്റിയുള്ള നമ്മുടെ വിവരണങ്ങളിൽ വന്നിച്ചേരുന്നതിലുള്ള മാറാത്തെ വരുത്തേണ്ടതുമാണു്. ഇതാവശ്യമായിത്തീർന്നിരിക്കുന്നു. വസ്തുതകളെ സംബന്ധിച്ചവയാണു് ഇപ്പറഞ്ഞ മാറാത്തെ. പക്ഷേ ഇതിനെക്കാളും പ്രധാനമാണു് ഗസറിയറകം തയ്യാറാക്കുന്നതിൽ ഒരു പുതിയ സമീപനമുണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത. ബ്രിട്ടീഷ് ഭരണാധികാരികളുടെ ഭരണപരമായ ഉപയോഗത്തിനായിരുന്നു മുമ്പു ഗസറിയറകം തയ്യാറാക്കപ്പെട്ടിരുന്നതു്. ഇന്നു് ഗസറിയറകം ഇന്ത്യയിലെ ജനങ്ങളുടെ ഒരുക സേവിക്കേണ്ടതുണ്ടു്.

സ്വാതന്ത്ര്യസ്ഥാനത്തെത്തുടർന്നു് ഗസറിയറകം പുതുക്കുന്നതിൽ ആദ്യമായി മുന്നിട്ടിറങ്ങിയതു് ബോംബെയാണു്. 1949-ലായിരുന്നു ഇതു്. ഇതിനെത്തുടർന്നു് മിക്ക സംസ്ഥാനങ്ങളും ജില്ലാ ഗസറിയറകം പുതുക്കുന്നതിനു് ഘടകങ്ങളെ ഏർപ്പെടുത്തിയിട്ടുണ്ടു്.

സംസ്ഥാന ഗവർണ്മെന്റുകളുടെ ഇത്തരം ബന്ധിച്ച പ്രവർത്തനങ്ങളുടെ കൂട്ടത്തിൽ പ്രയോജനകരവും കാര്യക്ഷമവുമായിത്തീർന്നതിനു് 1955-ൽ കൂടിയ സംസ്ഥാന ഗവർണ്മെന്റുകളുടെയും ഇന്ത്യാ ഗവർണ്മെന്റിന്റെ വിവിധ വകുപ്പുകളുടെയും പ്രതിനിധികളുടെ ഒരു സമ്മേളനം ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടു്. ഇന്ത്യ�ൻ എഡ്യുക്കേഷനൽ സർവീസിന്റെ ഓഫീസറായ മുൻഷിയെ കൺവീനറായി നിയമിക്കുകയും ചെയ്തു. ഈ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണു് ജില്ലാ ഗസറിയറകം പുതുക്കുന്ന ജോലി സംസ്ഥാന ഗവർണ്മെന്റുകൾ ഏറെറടുത്തിട്ടുള്ളതു്. എന്നാൽ ഈ നിർദ്ദേശങ്ങൾ സമ്മേളനത്തിൽ തീരുമാനിക്കപ്പെട്ടതുമാത്രമാണു് അകാരണമായ കാലതാമസം ഇതിനുണ്ടായിട്ടുണ്ടു്. ഇന്ത്യയെ സംബന്ധിച്ച ഏറെറവും ആധികാരികവും വിശ്വസനീയവുമായ ഒരു ഗ്രന്ഥമായി ഗസറിയർ നിലനിന്നുവരുന്നു എന്നതാണു് ഇതിനു കാരണം.

പുതിയ സമീപനത്തിന്റെ ആവശ്യം

ഇന്ത്യൻ ഗസറിയറിന്റെ പുതിയ പതിപ്പു് പുറത്തുവന്നിട്ടു് അരനൂറ്റാണ്ടിലധികംകാലമായി. ഇന്ത്യ സ്വതന്ത്രയായതുപോലും ഈ വസ്തുതയിലുള്ള നിരവധി മാറാത്തെ ഇക്കാലയളവു് രാജ്യത്തുണ്ടായിട്ടുണ്ടു്. രാജ്യത്തിന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ ജീവിതത്തെപ്പറ്റിയുള്ള നമ്മുടെ വിവരണങ്ങളിൽ വന്നിച്ചേരുന്നതിലുള്ള മാറാത്തെ വരുത്തേണ്ടതുമാണു് ഇതാവശ്യമായിത്തീർന്നിരിക്കുന്നു. വസ്തുതകളെ സംബന്ധിച്ചവയാണു് ഇപ്പറഞ്ഞ മാറാത്തെ. പക്ഷേ ഇതിനെക്കാളും പ്രധാനമാണു് ഗസറിയറകം തയ്യാറാക്കുന്നതിൽ ഒരു പുതിയ സമീപനമുണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത. ബ്രിട്ടീഷ് ഭരണാധികാരികളുടെ ഭരണപരമായ ഉപയോഗത്തിനായിരുന്നു മുമ്പു ഗസറിയറകം തയ്യാറാക്കപ്പെട്ടിരുന്നതു്. ഇന്നു് ഗസറിയറകം ഇന്ത്യയിലെ ജനങ്ങളുടെ ഒരുക സേവിക്കേണ്ടതുണ്ടു്.

സ്വാതന്ത്ര്യസ്ഥാനത്തെത്തുടർന്നു് ഗസറിയറകം പുതുക്കുന്നതിൽ ആദ്യമായി മുന്നിട്ടിറങ്ങിയതു് ബോംബെയാണു്. 1949-ലായിരുന്നു ഇതു്. ഇതിനെത്തുടർന്നു് മിക്ക സംസ്ഥാനങ്ങളും ജില്ലാ ഗസറിയറകം പുതുക്കുന്നതിനു് ഘടകങ്ങളെ ഏർപ്പെടുത്തിയിട്ടുണ്ടു്.

സംസ്ഥാന ഗവർണ്മെന്റുകളുടെ ഇത്തരം ബന്ധിച്ച പ്രവർത്തനങ്ങളുടെ കൂട്ടത്തിൽ പ്രയോജനകരവും കാര്യക്ഷമവുമായിത്തീർന്നതിനു് 1955-ൽ കൂടിയ സംസ്ഥാന ഗവർണ്മെന്റുകളുടെയും ഇന്ത്യാ ഗവർണ്മെന്റിന്റെ വിവിധ വകുപ്പുകളുടെയും പ്രതിനിധികളുടെ ഒരു സമ്മേളനം ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടു്. ഇന്ത്യൻ എഡ്യുക്കേഷനൽ സർവീസിന്റെ ഓഫീസറായ മുൻഷിയെ കൺവീനറായി നിയമിക്കുകയും ചെയ്തു. ഈ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണു് ജില്ലാ ഗസറിയറകം പുതുക്കുന്ന ജോലി സംസ്ഥാന ഗവർണ്മെന്റുകൾ ഏറെറടുത്തിട്ടുണ്ട

സന്യാൽ കൊലക്കേസ്

അറസ്റ്റുചെയ്യപ്പെട്ട പ്രതിഭഗംവക്കീലിനെ ജാമ്യം നിഷേധിച്ചു — അമ്പരപ്പിക്കുന്ന ആരോപണങ്ങൾ

ന്യൂഡൽഹി, മാ. 11

ഇന്നലെ ഇവിടെവച്ച് അറസ്റ്റുചെയ്യപ്പെട്ട സന്യാൽ വധക്കേസ്സിലെ പ്രതിഭാഗം വക്കീലായ മി. കെ. കെ. ഗുപ്ത ഡൽഹി അഡീഷണൽ സിസ്സിൻ മജിസ്ട്രേട്ട് ജാമ്യം നിഷേധിക്കുകയുണ്ടായി.

മി. ഗുപ്ത ഒരു ക്രിമിനൽകേസ്സിൽ മധ്യപ്രദേശ് പോലീസിനെ പിടികിട്ടേണ്ട പുള്ളിയാണെന്നു വിവരം ലഭിച്ചതിനെത്തുടർന്നാണ് ഡൽഹി പോലീസ് അദ്ദേഹത്തെ അറസ്റ്റുചെയ്തത്. മധ്യപ്രദേശ് പോലീസിലെ ശാന്താറാം എന്നൊരു ഹെഡ്കോൺസ്റ്റബിളാണ് അദ്ദേഹത്തെ തിരിച്ചുവിളിയ്ക്കുവാനായി. ഇന്നത്തെ ശിവഹരിയെന്നദ്ദേഹമെന്നു ഹെഡ്കോൺസ്റ്റബിളാണ് പറഞ്ഞത്. ഇന്ത്യൻ ശിക്ഷാനിയമം 506-ാംവകുപ്പ് (കഠോരമായ ഭീഷണിപ്പെടുത്തൽ) പ്രകാരം ഇന്നോർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർചെയ്ത ഒരു കേസ്സിൽ പിടികിട്ടേണ്ടിയിരുന്ന പുള്ളിയാണ് മി. ഗുപ്ത യെന്നും കേസ്സ് ഇന്നോർ ഫാസ്റ്റ് ട്രാക്സ് മജിസ്ട്രേട്ടുമുമ്പാകെ ഇരിക്കുകയാണെന്നും കോൺസ്റ്റബിളും പറയുകയുണ്ടായി. മി. ഗുപ്ത ഒരിക്കൽ ജാമ്യത്തിൽനിന്നു ചാടിപ്പോന്നയാളാണെന്നു തോന്നുന്നതുകൊണ്ടാണ് ജാമ്യം നിഷേധിക്കുന്നതെന്നും അയാൾ പറഞ്ഞതിനെത്തുടർന്നാണ് ഡൽഹി അഡീഷണൽ മജിസ്ട്രേട്ട് അദ്ദേഹത്തിനു ജാമ്യം നിഷേധിച്ചതെന്നും, എങ്കിലും അദ്ദേഹത്തിനു മജിസ്ട്രേട്ട് തിഹാർ സെൻട്രൽജയിലിൽ ബി ക്ലാസ്സ് അനുവദിച്ചു.

ഡിസ്ട്രിക്ട് സെഷൻസ് കോടതിയിൽ താൻ സന്യാൽ കൊലക്കേസ്സിൽ പ്രതിഭാഗം വക്കീലായി പ്രവർത്തിച്ചവരികയായിരുന്നുവെന്നും മി. ഗുപ്ത അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോട് പറയുകയുണ്ടായി.

ചിലർ തന്നെ കൊല്ലാൻ ശ്രമിക്കുകയുണ്ടായെന്നും തൻറെ നേരെ ചിലർ വെടിവെയ്ക്കുകയുണ്ടായെന്നും ഏതാനും ദിവസംമുമ്പു താൻ ജഡ്ജിയോടു പറഞ്ഞിരുന്നുവെന്നും അദ്ദേഹം അറിയിച്ചു. "അല്പസംബന്ധിച്ചു ഞാൻ ചിലരുടെ പേരുകളും പറഞ്ഞുകൊടുക്കുകയുണ്ടായി അവരിലൊരാൾ ഡൽഹി പോലീസ്സിലെ ഒരു സബ്ഇൻസ്പെക്ടറായിരുന്നു. ഞാനാരെക്കുറിച്ചും ഇന്നോളം പരാതിയൊന്നും പറഞ്ഞിട്ടില്ല" എന്നും അദ്ദേഹം പറഞ്ഞു.

"ഇതെന്തുകൊണ്ടാണെന്നു ഞാൻ മുമ്പാരിക്കലും കണ്ടിട്ടില്ല" എന്നാണ് ഹെഡ് കോൺസ്റ്റബിളിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു മി. ഗുപ്ത പറഞ്ഞത്.

സന്യാൽ കേസ്സ് നടക്കുന്ന കോടതിയിൽ

മി. ഗുപ്ത അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കോടതിയിലിരിക്കെ, സന്യാൽ കൊലക്കേസ്സ് വിചാരണ ചെയ്യുന്ന സിസ്ട്രിക്ട്-സെഷൻസ് ജഡ്ജി മി. പി. പി. ഖന്ന, സാക്ഷി അദ്ദേഹത്തെ വിളിച്ചുകൊണ്ടു വരുന്നതിനെ ആട്ടെ അയക്കുകയുണ്ടായി. അതിനെത്തുടർന്ന് മി. ഗുപ്തയെ പോലീസ് കസ്റ്റഡിയിൽ ഡിസ്ട്രിക്ട് സെഷൻസ് കോടതിയിലേക്ക കൊണ്ടുവന്നു.

ഇന്നലെ സന്യാൽ കൊലക്കേസ്സ് വിചാരണക്കെടുത്തപ്പോൾ ജഡ്ജി പ്രതികളോട് അവരുടെ വക്കീൽ എവിടെയെന്നു ചോദിക്കുകയുണ്ടായി. തങ്ങളുടെ വക്കീലിനെ പോലീസ് അറസ്റ്റുചെയ്തിരിക്കുകയാണെന്നു പ്രതികളിലൊരാളായ ഹരിഹർലാൽ പറഞ്ഞു.

അതു വസ്തുതയാണോ എന്നു ജഡ്ജി പബ്ലിക് പ്രോസിക്യൂട്ടറോടു ചോദിച്ചു. അതു വസ്തുതയാണെന്നു പറഞ്ഞപ്പോൾ കൊണ്ടു പ്രോസിക്യൂട്ടർ വസ്തുതകൾ വായിച്ചുകൊടുത്തപ്പോഴാണ് അതിൽ തനിക്കു താല്പര്യമില്ലെന്നും പ്രതിഭാഗം വക്കീലി മയാണ് തനിക്കാവശ്യമെന്നും ജഡ്ജി പ്രസ്താവിച്ചു. 'അദ്ദേഹത്തെ അറസ്റ്റു ചെയ്യുന്നതിനുമുമ്പു' നിങ്ങൾക്ക് ഏ നോടെങ്കിലും ചോദിക്കാമായിരുന്നു. അതിനു ഇതു തിരക്കിട്ടേണ്ടിയിരുന്നില്ല. നിങ്ങൾ ഇരുദിവസം താമസിച്ചു സ്ഥിതിക്ക് ഒരു ദിവസംകൂടി നിങ്ങൾക്ക താമസിക്കാമായിരുന്നു' എന്നദ്ദേഹം ഇങ്ങനെ പറഞ്ഞു.

അതിനുശേഷം മി. ഗുപ്തയെ വിളിച്ചുകൊണ്ടുവരാൻ ജഡ്ജി ആളെ അയച്ചു.

മുമ്പാരിക്കൽ താൻ മധ്യപ്രദേശിലെ ഒരു മുൻ അഡ്വക്കേറ്റ് ജനറലിൻറെ മകനാണെന്നു കോടതിയിൽ പറഞ്ഞ അതേ വക്കീൽതന്നെയാണ് മി. ഗുപ്തയെന്നു പബ്ലിക് പ്രോസിക്യൂട്ടർ ജഡ്ജിയെ ഓർമ്മിപ്പിച്ചപ്പോൾ മി. ഗുപ്ത അങ്ങനെ തന്നോടുപറഞ്ഞതായി താനോർമ്മിക്കുന്നില്ലെന്നു ജഡ്ജി മറുപടി നൽകി.

മി. ഗുപ്ത ഞാകാശപ്പെട്ടതുപോലെ അയാൾ ഒരു മുൻ അഡ്വക്കേറ്റ് ജനറലിൻറെ മകനാണോ എന്നു പോലീസ് അന്വേഷിക്കുകയുണ്ടായെന്നു പ്രോസിക്യൂട്ടർ പറഞ്ഞു. തൻറെ അച്ഛൻ ഇന്നയിന്നയാളാണെന്ന കാര്യം കോടതിയിൽ പറഞ്ഞതു പോലീസ് അന്വേഷിക്കേണ്ട ആവശ്യമില്ലെന്ന ജഡ്ജി പ്രസ്താവിച്ചു.

കെ കെ ശിവഹരിയും കെ കെ ഗുപ്തയും

കെ കെ ശിവഹരിയെന്നാരാളും പബ്ലിക് പ്രോസിക്യൂട്ടറായി എൻറോൾ ചെയ്തിട്ടുണ്ടെന്നും എന്നാൽ അയാളുടെ രജിസ്ട്രേഷൻ റദ്ദുചെയ്തതായി 1963 മേയ് 30-ാംതീയതി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായെന്നും പ്രോസിക്യൂട്ടർ ജഡ്ജിയുടെ ശ്രദ്ധയിൽ പെടുത്തി. അതിനെത്തുടർന്ന് ജഡ്ജി ആ ഗസറ്റാ ഡർ വരുത്തി പരിശോധിച്ചു. ശിവഹരിയുടെ രജിസ്ട്രേഷൻ റദ്ദുചെയ്തുകൊണ്ടുള്ള ഒരു കറിപ്പ് 1963 ജൂണിയിൽ അയാളുടെ ഡൽഹി മേൽവിലാസത്തിൽ അയച്ചതായി അതിൽ കാണുകയുണ്ടായി. അന്നു പഞ്ചാബ് ഹൈക്കോടതി രജിസ്ട്രാറായിരുന്ന മി. സഹ്നി (ഇപ്പോൾ സന്യാൽ കൊലക്കേസ് വിചാരണചെയ്യുന്ന ജഡ്ജി) തന്നെയാണ് അതയച്ചിരുന്നതും.

പ്രതിഭാഗം വക്കീലായ മി കെ കെ ഗുപ്ത ഒരു വക്കീലേയല്ലെന്നു തെളിയുകയാണെങ്കിൽ സന്യാൽ കൊലക്കേസ്സും കെ തന്മാത്രമാകുമെന്നു ജഡ്ജി പറഞ്ഞു.

തന്നെന്നിരുന്നാലും പഞ്ചാബ് ഹൈക്കോടതിയിൽ അഡ്വക്കേറ്റായി എൻറോൾ ചെയ്തിരുന്നില്ലെന്നു മി ഗുപ്ത അറിയിക്കുകയുണ്ടായി. 'മഹാരാഷ്ട്ര ഹൈക്കോടതിയിലാണ് ഞാൻ എൻറോൾ ചെയ്തതു്. എൻറോൾമെൻറ് സർട്ടിഫിക്കറ്റും ഞാൻ അങ്ങയുടെ മുമ്പാകെ ഹാജരാക്കാം എന്നാൽ ഞാനിപ്പോൾ പോലീസ് കസ്റ്റഡിയിലായതിനാൽ എനിക്കു കോടതിയെ തൃപ്തിപ്പെടുത്താൻ പറ്റില്ല. ഏതാനുദിവസത്തിനുമുമ്പ് ഞാൻ എൻറോൾമെൻറ് സർട്ടിഫിക്കറ്റുവന്നിരുന്നു. ഞാൻ കെ കെ ശിവഹരിയല്ല. ഞാൻ കെ കെ ഗുപ്തയാണ്.'

തൊട്ടടുത്ത ആഴ്ചയാണ് പോലീസ് പിടികിട്ടിയിട്ടുള്ളതെങ്കിൽ അവർ അതിനെൻറ അനന്തരഫലങ്ങൾ അനുഭവിക്കേണ്ടിവരുമെന്നു ജഡ്ജി അഭിപ്രായപ്പെട്ടു. നിങ്ങൾക്കു ഒരു വക്കീലാണെന്നതിനുള്ള രേഖകൾ വല്ലതുമുണ്ടെങ്കിൽ അതുകൊണ്ടുവരാൻ കഴിയുകയാണെങ്കിൽ വക്കീലായിക്കൊണ്ടു നിങ്ങൾക്കു ഹാജരാകാമെന്നു ജഡ്ജി പറഞ്ഞു.

തലസ്ഥാനവാർത്തകൾ

(സ്വന്തം ലേഖകൻ) മാർച്ച് 9

സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഓഫീസർ

സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ: എ. അബ്ദുൾറഹിമാൻ കഞ്ഞ് ഔദ്യോഗികകാര്യങ്ങൾ പ്രമാണിച്ചു മാർച്ച് 15, 17 എന്നീ തീയതികളിൽ എറണാകുളവും, 18, 19 എന്നീ തീയതികളിൽ കോഴിക്കോടും, 20-ാംതീയതി തൃശ്ശൂരും, 21-ാംതീയതി കായംകുളവും സന്ദർശിക്കുന്നതാണ്.

റോക്കറെറ് വിക്ഷേപണം

തുമ്പയിലെ റോക്കറെറ് വിക്ഷേപണകേന്ദ്രത്തിൽനിന്നും മാർച്ച് 17-ാംതീയതി ഉച്ചക്ക് ഒരു ക്ലസ്റ്റർ-ഡാർട്ട് റോക്കറെറ് വിക്ഷേപണം നടത്തുന്നതാണ്.

ഹോംഗാർഡ്സ്

തിരുവനന്തപുരം സെൻട്രലിലുള്ള എല്ലാ ഹോംഗാർഡ്സ് വോളൻറിയേഴ്സിനേയും 2-3-65 വെള്ളിയാഴ്ച പരേഡ് ഉണ്ടായിരിക്കുന്നതാണെന്നു തിരുവനന്തപുരം ഹോംഗാർഡ്സ് ഡിസ്ട്രിക്ട് കമൻറൻറ് അറിയിക്കുന്നു.

ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർമാർ

ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർമാരായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ: എം. സുബ്രഹ്മണ്യത്തിനെ മുക്കൊളംബ്ലോക്കിലും, ശ്രീ: കെ. കൃഷ്ണനെ ചെത്തക്കാട്ടു ശ്രേരി ബ്ലോക്കിലും, ശ്രീ എസ് ജെ. നെൽസനെ വെള്ളായണ് ബ്ലോക്കിലും, ശ്രീ പി. ശങ്കരൻകുട്ടിനായരെ കുറ്റിപ്പുഴി ബ്ലോക്കിലും നിയമിച്ചിരിക്കുന്നു. മുള്ളക്കും ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർ ശ്രീ പി. വിശ്വനാഥൻനായരെ ബാലുശ്ശേരി ബ്ലോക്കിലും, ബാലുശ്ശേരിനിന്നും ശ്രീ വി. ബാഹുലേയൻ തമ്പിയെ പെരുങ്കടവിള ബ്ലോക്കിലും, കുന്നുപ്പുറം ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർ ശ്രീമതി പി. ഐ. താജമ്മയെ വളക്കോഞ്ചേരി ബ്ലോക്കിലും സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.

സപ്ലൈ സ്കൂൾ പ്രവേശന പരീക്ഷ

ആലപ്പുഴ, എറണാകുളം, പാലക്കാട് എന്നീ സ്ഥലങ്ങളിൽ ആരംഭിക്കുന്ന സപ്ലൈ സ്കൂളുകളിൽ ചേരുന്നതിനുള്ള പ്രവേശന പരീക്ഷ 1965 മാർച്ച് 28-ാംതീയതി കാലത്തു 10 മണിക്ക് അതതു് ജില്ലാകേന്ദ്രങ്ങളിലെ സപ്ലൈ സൂപ്രണ്ടു് ആഫീസുകളിൽവച്ച് നടത്തുന്നതാണ്. ഈ തിലേക്കുള്ള അപേക്ഷകൾ മാർച്ച് 15-ാംതീയതിക്കുമുമ്പായി തിരുവനന്തപുരം സപ്ലൈ ഡയറക്ടർ ആഫീസിൽ കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണ്. വിശദവിവരങ്ങൾ മാർച്ച് രണ്ടാംതീയതിയിലെ കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ജോയിൻറ് സെക്രട്ടറി

ശ്രീമതി പത്മാദേവിയുടെ തിരുവനന്തപുരം ജില്ലാകളക്ടറായും, അഡൈപ്രസറായ ശ്രീ പി വാറു ജസക്രട്ടറി ശ്രീ യു മഹാബലറാവുവിനെ കോഴിക്കോട് ജില്ലാ കളക്ടറായും നിയമിച്ചിരിക്കുന്നു.

ഹരിജനക്ഷേമ ഡയറക്ടർ

തിരുവനന്തപുരം ജില്ലാകളക്ടർ കെ. മാധവൻനായരെ ഹരിജനക്ഷേമവകുപ്പു ഡയറക്ടറായി നിയമിച്ചിരിക്കുന്നു.

ജോയിൻറ് സെക്രട്ടറി

കോഴിക്കോട് ജില്ലാ കളക്ടർ സക്കീർ ഹുസൈനെ പബ്ലിക് ഡിസ്ട്രിബ്യൂഷൻ ജസക്രട്ടറിയായി നിയമിച്ചിരിക്കുന്നു.

.....

മനുഷ്യവംശത്തിൻറെ ഐക്യവും ധാരണയുമാണാവശ്യം

വേദാന്തപാനകേന്ദ്രത്തിൽ ജീവരാജു മേത്ത

ന്യൂഡൽഹി, മാ. 11

ഇന്നു് ലോകത്തിനു് പരമപ്രധാനമായിട്ടുള്ളതു് മനുഷ്യവംശത്തിൻറെ ഐക്യവും ധാരണയും സമാധാനസ്ഥാപനവുമാണെന്നു് ഗ്രീട്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ഡോ: ജീവ്രാജു മേത്ത ഇവിടെ ലണ്ടനിൽ വെച്ചു് പ്രസ്താവിച്ചു.

ലണ്ടനിൽ രാമകൃഷ്ണവേദാന്ത പഠനകേന്ദ്രം ഉൽഘാടനം ചെയ്തുകയായിരുന്നു ഡോ: മേത്ത. അദ്ധ്യാത്മികാന്വേഷണത്തിനുള്ള പ്രയത്നത്തിൽ വിവിധ മതങ്ങളായിക്കാം ശരിക്കും സഹകരിക്കേണ്ടതുണ്ടെന്നു് അദ്ദേഹം പ്രസ്താവിച്ചു. ചില പുരാതനകാലം മുതൽ ഇന്നു് ഇവ വിക്ഷണമാണു് ശരിക്കുണ്ടിട്ടുള്ളതു്. ഇന്നു് ഒരു മതമിരപേക്ഷരാജ്യമാണു്. മതദ്വേന്തിൻറെ മനുഷ്യത്വമില്ലായ്മയെ വിജ്ഞാക്കുകയും മാറ്റമുള്ളവരോടുള്ള വിദ്വേഷം പരിത്യജിക്കുകയുമാണു് മതനിരപേക്ഷതയുടെ ഉദ്ദേശമെന്നു് ഡോ: മേത്ത പ്രസ്താവിച്ചു.

രാമകൃഷ്ണമിഷൻ ചെയ്തുവരുന്ന പ്രശസ്ത സാമൂഹ്യസേവനത്തെ പ്രത്യേകിച്ചും അദ്ദേഹം പ്രശംസിച്ചു.


കള്ളന്മാരുടെ ശല്യം

(സ്വ ലേ) ചെറുവണ്ണൂർ, മാ 10

ചെറുവണ്ണൂരിൻറെ ചില ഭാഗങ്ങളിൽ ഏതാനും ദിവസങ്ങളായി കളവുകൾ നടന്നുവരുന്നതായറിയുന്നു.

ഇതിനെത്തുടർന്നു് മീങ്കന്ത പോലീസ് രണ്ടുദിവസമായി ചെറുവണ്ണൂരിൽ റോന്തുചുറ്റി ജാഗ്രതയോടെ പ്രവർത്തിച്ചുവരുന്നു.

....



കുഴപ്പം
ക്ഷണിച്ചു വരുത്തരുതു്

കുഴപ്പം ക്ഷണിച്ചു വരുത്തുന്ന ആളല്ല നിങ്ങളെന്നു ഞങ്ങൾക്കറിയാം. പക്ഷെ, സേർ, രാത്രൽ തുടങ്ങിയ ഇക്കിളികളിൽ ഇടപാടുകൾ നടത്തുമ്പോഴൊക്കെ വാസ്തവത്തിൽ നിങ്ങൾ ചെയ്യുന്നതു് ഇതല്ലാതെ മറെറാന്നുമല്ല.

ഇവ നിയമവിരുദ്ധങ്ങളായ ഇക്കിളികളാണു്. ഇവ ഉപയോഗിക്കുന്ന കച്ചവടക്കാർ ശിക്ഷാർഹരാണു്. എന്നാൽ നിങ്ങൾക്കാകട്ടെ ക്ഷണനേരത്തിൽത്തന്നെ ശിക്ഷ ലഭിയ്ക്കുന്നു — നിങ്ങൾ വഞ്ചിക്കപ്പെടുന്നു — കൊടുക്കുന്ന പണത്തിനു തക്കതായ മൂല്യം നിങ്ങൾക്കു കിട്ടുന്നില്ല.

കിലോവിൽ മാത്രം വാങ്ങുക

DA 64/372

അഖിലേന്ത്യാ ലവലിൽ ഒരു റബ്ബർ കോൺ. സംഘടനക്കു് തറകോരുന്നു

മൻമന്ത്രി ടി. സുബ്രഹ്മണ്യവും മൈസൂർ കോൺ പ്രസിഡണ്ടു് മെന്നയ്യയും സംഗതിറെഡ്ഡി

ബാംഗ്ലൂർ, മാ. 10

വ്യക്തവും വിശുദ്ധവുമായ ഒരു 'കോൺഗ്രസ്' ആശയ സംഹിത സ്വീകരിച്ചുകൊണ്ടു്, അഖിലേന്ത്യാതലത്തിൽ റിബ്ബർ കോൺഗ്രസ്സുകാരുടെ ഒരു പാർട്ടി രൂപീകരിക്കുവാനുള്ള ശ്രമങ്ങൾ ഇവിടെ നടന്നു വരുന്നതായറിയുന്നു.

മൈസൂരിലെ റിബ്ബൽ കോൺഗ്രസ്സുകാരാണ് പുതിയ പാർട്ടി രൂപീകരിക്കുവാൻ മുൻകയ്യെടുത്തു ശ്രമിക്കുന്നതു്. തങ്ങളുടെ ആശയത്തെ അനുകൂലിക്കുന്ന ഭക്തിനുസംസ്ഥാനങ്ങളിലെ രാഷ്ട്രീയപ്രവർത്തകരുമായി മൈസൂരിലെ റിബൽകോൺഗ്രസ് നേതൃത്വം സമ്പർക്കം പുലർത്തി വരുന്നു.

പല സംസ്ഥാനങ്ങളിലും ഇന്ത്യൻനാഷണൽ കോൺഗ്രസ്സിൽനിന്നു് ഒരു വിഭാഗം—അതു ചെറുതായാലും വലുതായാലും—വിട്ടുപോയിട്ടുണ്ടെന്നുള്ള വസ്തുത, മൈസൂരിലെ റിബൽ കോൺഗ്രസ് നേതൃത്വത്തിനു് തങ്ങളുടെ പുതിയ നീക്കങ്ങളിൽ ആശയും ആശ്വാസവും പകരുന്നുണ്ടു്. വിവിധ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിൽനിന്നു് വിഘടിച്ചു നിൽക്കുന്ന ഗ്രൂപ്പുകളെ സംഘടിപ്പിച്ചു് സുശക്തമായ ഒരു പാർട്ടി രൂപീകരിക്കാൻ കഴിയുമെന്നാണ് അവർ കരുതുന്നതു്.

പാർലമെൻറിനും ബഡ്ജറ്റ് സമ്മേളനം സമാപിക്കുന്നതിനുമുമ്പായി, വിവിധസംസ്ഥാനങ്ങളിലെ റിബൽ കോൺഗ്രസ്സുകാരുടെ ഒരു കൺവെൻഷൻ ഇവിടെവച്ചു് നടത്തണമെന്നാണ് മൈസൂർ നേതൃത്വം തീരുമാനിച്ചിട്ടുള്ളതു്. തങ്ങളുടെ പരിപാടിക്കു് വ്യക്തമായ രൂപവും ഭാവവും നൽകുന്നതിനും ഈ തന്ത്രത്തിലുള്ള ഒരു സമ്മേളനം വിളിച്ചു കൂട്ടേണ്ടതു് ആവശ്യമാണെന്നു് അവർ കരുതുന്നു. മൈസൂർ, കേരളം, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിലെ റിബൽ കോൺഗ്രസുകാരുടെ കൺവെൻഷനാണ് ആദ്യമായി നടത്താനുദ്ദേശിക്കുന്നതു്.

കോൺഗ്രസ്സിൽനിന്നും തങ്ങളെ വിട്ടുപോകണമെന്നു് മൈസൂരിലെ 12 റിബൽ കോൺഗ്രസ്സുകാർ കാരണങ്ങൾ എഴുതിയിട്ടുണ്ടു്. നിജലിംഗപ്പയുടെ മന്ത്രിസഭക്കെതിരായി അഭിമതിയംഗോപണങ്ങൾ ഉന്നയിച്ച ഭിന്നതേവരിക്കിളിലുംപ്പെട്ടുന്നവരാണ് ഇവർ.

ഇന്ത്യയിലെ മാറ്റ സംസ്ഥാനങ്ങളിലുള്ള റിബൽ കോൺഗ്രസ്സുകാരുമായി ഒരു മൈസൂർ റിബൽ നേതൃത്വം ബന്ധം പുലർത്തി വരുന്നുണ്ടു്. മൻമന്ത്രി ടി. സുബ്രഹ്മണ്യം, മൈസൂർ കോൺഗ്രസ്സിൻറെ ഒരു മുൻ പ്രസിഡണ്ടായ എസ്. നിജലിംഗപ്പ എന്നിവരാണ് പുതിയ പാർട്ടിക്കു വേണ്ടി നേതൃത്വം വഹിക്കുന്നതെന്ന് അറിയുന്നു. സുബ്രഹ്മണ്യം കോൺഗ്രസ്സിൽനിന്നു് രാജിവച്ചിട്ടുണ്ടു്.

പുതിയ ഒരു അഖിലേന്ത്യാപാർട്ടി രൂപീകരിക്കുന്നതിനുള്ള ഈ ശ്രമത്തിനു് പ്രോത്സാഹനമാണ് ലഭിച്ചു വരുന്നതു്. ഇന്ത്യൻ നാഷണൽകോൺഗ്രസ്, ഭക്തിൻറെ പ്രയോചിത നയപരിപാടിക്കു മിതിനിന്നു് വ്യതിചലിച്ചുപോയിട്ടുണ്ടെന്നുള്ള വസ്തുത, റിബലുകാരുടെ സമ്മേളനത്തിനു് സഹായകമായാണ് നിലകൊള്ളുന്നതു്. ഇന്ത്യൻനാഷണൽകോൺഗ്രസ്സിനെ കോ: പിൻതാങ്ങുക എന്നതിൻറെ അർത്ഥം ഇന്ദിരാപ്രധാനിമന്ത്രിയുംമല്ലാതിപ്പോൾ പാർട്ടിക്ക് പിന്തുണ നൽകുകയാണ് എന്നും പൊതിക്കാണിക്കുകയുണ്ടായി. കേരള കോ: നു് പിന്തുണ നൽകുന്നതിനുള്ള അഭ്യന്തര മന്ത്രിയുടെ നിർദ്ദേശം തള്ളിക്കളയണമെന്നും ഓൾ നാഷണൽ കോ: പാർട്ടിയുടെ കേരള ഘടകം പിരിച്ചുവിടണമെന്നും ഇന്ദിരാപ്രധാനിമന്ത്രിയുടെ കത്തിൽ ആവശ്യപ്പെട്ടിരുന്നു. കേരള കോ: നു് പിന്തുണ നൽകുന്നതിനുള്ള അഭ്യന്തര മന്ത്രിയുടെ നിർദ്ദേശം,

പി. ജർമ്മനിയുടെ സ്വന്തം കാര്യം പിടിച്ചടക്കും

ഇസ്രായേലിനെ അംഗീകരിച്ചാലെന്ന് നാസ്സർ

നയതന്ത്രബന്ധങ്ങൾ വിച്ഛേദിക്കുമാണം ആലോചിക്കുന്നു

(റോയിട്ടർ) കെയ്റോ, മാർച്ച് 11

പശ്ചിമജർമ്മനി ഇസ്രായേലിനെ അംഗീകരിക്കുകയാണെങ്കിൽ ഇജിപ്ത് കീഴ്ക്കണ്ടമനിയെ അംഗീകരിക്കുമെന്നും, ഇജിപ്തിലുള്ള പശ്ചിമജർമ്മനിയുടെ സ്വത്തുക്കൾ പിടിച്ചടക്കുമെന്നും പ്രസിഡന്റ് നാസ്സർ പ്രസ്താവിച്ചിരിക്കുന്നു.

അറബിരാഷ്ട്രതലവന്മാരുടെ പ്രതിനിധിസമ്മേളനം ബോണിൽനിന്ന് എല്ലാ അംബി അമ്പാസിഡർമാരേയും പിൻവലിക്കണമെന്ന് ശുപാർശചെയ്തിട്ടുണ്ടെന്നും നാസ്സർ പറഞ്ഞു.

ലോവർ ഇജിപ്പിലെ ശെഖിൽ അൽ-കോമിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. ഞായറാഴ്ച കെയിറോയിൽ കൂടുന്ന അറബിരാഷ്ട്ര വിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ വരുന്ന നാല് പ്രമേയങ്ങളിൽ ഒന്നാണിത്.

പശ്ചിമജർമ്മനി അതിനെതിരായി മുന്നോട്ടുപോകുകയാണെങ്കിൽ ബോണുമായുള്ള നയതന്ത്രബന്ധങ്ങൾ വിഛേദിക്കുവാനും അറബിരാഷ്ട്രങ്ങൾ തയ്യാറാണെന്നും പശ്ചിമജർമ്മനിയെ താക്കീത് ചെയ്യുവാനും പ്രതിനിധിസമ്മേളനം ശുപാർശചെയ്തിട്ടുണ്ട് വൻകിടശക്തികളും ഇസ്രായേലിനെ അംഗീകരിച്ചിട്ടുണ്ടെന്ന് പിന്നീട് ഇജിപ്ത് ആരോപിച്ചിട്ടുള്ള പശ്ചിമജർമ്മനിയുടെ വ്യാപാരബന്ധങ്ങൾ അറബിരാഷ്ട്രങ്ങൾ അവസാനിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും നാസ്സർ പ്രസ്താവിച്ചു.

"പശ്ചിമജർമ്മനിയുടെ 30 ശതമാനം വ്യാപാരം അറബിരാഷ്ട്രങ്ങളുമായിട്ടാണ്. അറബികൾ ബഹിഷ്കരണം ഈ രണ്ടിടങ്ങളിൽ പശ്ചിമജർമ്മനിക്ക് ആ വ്യാപാരം നഷ്ടപ്പെടും. പശ്ചിമജർമ്മനി ഒരു സാമ്പത്തികശക്തിയാണല്ലോ. ആ നിലക്ക് അതിനെ ശിക്ഷിക്കേണ്ടതുണ്ടെന്നാണ് നാസ്സർ പറഞ്ഞത്.

പശ്ചിമജർമ്മനി യുഗോസ്ലാവ്യൻ പ്രസിഡന്റ് ടിറ്റോയുടെ അടുത്ത സുഹൃത്താണ്. അറബികളുടെ ശത്രുക്കളുടെ ആ രാജ്യം ശക്തിപ്പെടുത്തുകയാണെന്നും.

സ്ഥാനപതിയെ തിരിച്ചുവിളിച്ചു

പശ്ചിമജർമ്മനിയിൽ തങ്ങൾക്കുള്ള സ്ഥാനപതിയെ ഈജിപ്ത് അനിശ്ചിതമായി തിരിച്ചുവിളിച്ചിരിക്കുന്നു.

....

മലയേഷ്യാ-ഇന്തോനേഷ്യൻ സമാധാനസംഭാഷണം നടക്കില്ല

ക്വാലാലമ്പൂർ, മാ. 11

അടുത്തയാഴ്ച ബാങ്കോക്കിൽ കൂടുന്ന പ്രതിരക്ഷാപ്രതിനിധികളുടെ മലയേഷ്യ-ഇന്തോനേഷ്യൻ സമാധാനസംഭാഷണത്തിൽ പങ്കെടുക്കുവാൻ ഇന്തോനേഷ്യ തയ്യാറായിട്ടില്ലെന്ന് പ്രസ്താവിച്ചുകൊണ്ടുള്ള ഒരു സന്ദേശം ജക്കാർത്തയിൽനിന്നും ഇവിടെ ലഭിച്ചതായി ഒരു വിദേശകാര്യലയവക്താവ് പ്രസ്താവിച്ചു.

....

പൊതുമേഖലയിൽ 25 സ്പിന്നിംഗ് മില്ലുകൾ

(പി. ടി. ഐ) ന്യൂഡൽഹി, മാ. 11

നാലും അഞ്ചും പദ്ധതികാലത്തു പൊതുമേഖലയിൽ 20 മുതൽ 25 വരെ സ്പിന്നിംഗ് മില്ലുകൾ ആരംഭിക്കുന്ന കാര്യം ഇന്ത്യാഗവണ്മെന്റ് തത്വത്തിൽ തീരുമാനിച്ചിരിക്കുന്നു. വ്യവസായവികസനസംബന്ധിച്ച ഒരു നയപ്രഖ്യാപനത്തിലായിരുന്നു ഇതു വെളിപ്പെടുത്തിയത്.

ഇവ മില്ലുകൾ സ്ഥാപിക്കുന്നതിന് 32 കോടി രൂപവരെ വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

....

കൃത്രിമമഴ സംബന്ധിച്ച് പരീക്ഷണങ്ങൾ മിക്കയും വിജയിച്ചിട്ടുണ്ടെന്ന്

ന്യൂഡൽഹി മാ. 12

കൃത്രിമമഴ സംബന്ധിച്ച് നാഷണൽ ഫിസിക്കൽ ലബോറട്ടറി ഡെൽഹി, ആഗ്ര, ജയ്പൂർ പ്രദേശങ്ങളിൽ ഇതുവരെ 90 പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടെന്നും ഇവയിൽ 50 എണ്ണം ഫലപ്രദമായെന്നും ശ്രീ യശ്പാൽ സിംഗി ഇൻ ചോദ്യത്തിനുത്തരമായി വിശദമാക്കി തിരുവനന്തപുരവും കൊച്ചിയും സന്ദർശിക്കുമെന്നറിയുന്നു.

ഇന്ത്യാസമുദ്രത്തിൽ 'പിതുസ്' എന്ന ഗവേഷണക്കപ്പലിലുള്ള സോവിയറ്റ് ശാസ്ത്രജ്ഞന്മാരുടെ പ്രവൃത്തിയെ യന്ത്രൻ ശാസ്ത്രജ്ഞന്മാർക്കുണ്ടായ പ്രശംസിക്കുന്നതായറിഞ്ഞ് തനിക്ക് അതിയായ സന്തോഷമുണ്ടെന്ന് അദ്ദേഹം രാജ്യസഭാസാംഗങ്ങളുടെ ചോദ്യത്തിനുത്തരമായി ശ്രീ എം സി ഛഗ്ല ഇന്ന ലോക്സഭയിൽ പ്രസ്താവിച്ചു. ഈ പരീക്ഷണങ്ങളും കൃഷിയെ സംബന്ധിച്ചിടത്തോളം പ്രയോഗികമൂല്യം ഉള്ളവയാണെന്നും അദ്ദേഹം ഉൽബോധനം.

ദ്യോമസേന നൽകിയ ക്രാഷ് ഹെൽമറ്റുകളെ നാഷണൽ ഫിസിക്കൽ ലബോറട്ടറി പരീക്ഷണവിധേയമാക്കിയിട്ടുണ്ടെന്ന് മന്ത്രാന്തര ചോദ്യത്തിനുത്തരമായി ശ്രീ എം സി ഛഗ്ല ലോക്സഭയിൽ പ്രസ്താവിച്ചു. ക്രാഷ് ഹെൽമറ്റുകളുടെ നിർമ്മാണം ലബോറട്ടറിയുടെ പ്രവർത്തനപരിധിയിൽ പെടുന്നില്ലെന്ന് അദ്ദേഹം അറിയിച്ചു.

....

ഭാഗ്യവാന്മാർ

ആഗ്ര, മാ. 10

വിവാഹദിനത്തിനു മുമ്പ് ഒരു ദിവസം ഒരുമിച്ചു കഴിയുവാൻ അവസരം ലഭിച്ച ഭാഗ്യവാന്മാരായ ദമ്പതികൾ ഇന്നലെ ഇവിടെ ഒത്തുകൂടി. ഇവരിൽ 50 പേർ ഹിന്ദുക്കളും 50 പേർ മുസ്ലീങ്ങളുമാണ്. ഇവരുടെ വിവാഹം ഈ മാസം 15-ാം തീയതി നടക്കുന്നതാണ്.

....

തലപകതിമുണ്ഡനം ചെയ്യുവാൻ കൂട്ടാക്കാതിരുന്നു

ചിറയിൻകീഴ്, മാ. 11

ഇപ്പോഴത്തെ തിരഞ്ഞെടുപ്പിൽ വലിയ പിരികക്കൂടുതൽ: സ്ഥാനാർത്ഥി ജയിക്കുമെന്നും, ഇല്ലാത്തപക്ഷം തലമുണ്ഡനം ചെയ്യുമെന്നും ഒരു സ്ഥാനാർത്ഥി പ്രതിജ്ഞ ചെയ്തിരുന്നു. ഇന്നലെ വോട്ടെണ്ണൽ കഴിഞ്ഞപ്പോൾ ഇദ്ദേഹം പരാജയപ്പെടുകയും ചെയ്തു. എന്നാൽ തലമുണ്ഡനം ചെയ്യുവാൻ കൂട്ടാക്കാതിരുന്നതിനാൽ ഇദ്ദേഹത്തിന്റെ അനുയായികൾ ഇദ്ദേഹത്തെ ബലമായി പിടിച്ചുകൊണ്ടുപോയി തലമുണ്ഡനം ചെയ്യിച്ചു.

....

തെരഞ്ഞെടുപ്പിൽ മത്സരിച്ചവർ ചെലവുകണക്ക് സമർപ്പിക്കാനുള്ള അവധി

തിരുവനന്തപുരം മാ. 11

ഇക്കഴിഞ്ഞ ഒന്നാം തെരഞ്ഞെടുപ്പിൽ മത്സരിച്ചവർ അവരുടെ ചെലവുകണക്ക് ഏപ്രിൽ 4നുമുമ്പ് സമർപ്പിക്കണം. ചട്ടമനുസരിച്ചുള്ള അവധി ഏപ്രിൽ 5നുമുമ്പ് സമർപ്പിച്ചാൽ മതി.

....

നാട്ടുകാർ സംഘടിച്ച് ലാലൂരിലെ രണ്ട് എല്ലുകഴികൾ കൂടി പൂട്ടിച്ചു

തൃശ്ശൂർ, മാ 10

കഴിഞ്ഞ ഏതാനും കാലമായി തൃശ്ശൂരിലെ രണ്ടു കശാപ്പുശാലക്കാർ അയ്യന്തോൾ പഞ്ചായത്തിനോ യാതൊരനുമതിയും കൂടാതെ ലാലൂരിൽ കൊണ്ടുപോയി എല്ലുകഴികളിലേയ്ക്കു രണ്ടു കഴികളിലായി തൃശ്ശൂരിൽ വെട്ടുന്ന മാടുകളുടെ എല്ലുകൾ മുഴുവൻ സംസ്കരിച്ചിരുന്നു. ആ കഴികളിൽ നിന്നുള്ള ദുർഗന്ധം കാരണം പരിസരവാസികൾക്ക് സഹിക്കുവാൻ വയ്യാതായിത്തീർന്നിരിക്കുകയാണ്. ഇതിനെതിരായി പ്രദേശവാസികൾ പലപ്രാവശ്യം പരാതിപ്പെട്ടുവെങ്കിലും ഫലമൊന്നുണ്ടായില്ല. ഇന്നലെ നാലുമണിക്ക് ലാലൂരിലെ 200 (ഇരുന്നൂറ് വീടുകൾ) ജനങ്ങൾ സംഘടിച്ച് ഈ കേന്ദ്രങ്ങൾ പൂട്ടിക്കുന്നതിനായി പോകുകയും ഈ കഴികളിലെ എല്ലുകഴികൾ കൂടി അടയുവാൻ സൗകര്യപ്പെടുത്തുകയും ചെയ്തു.

....

സൗത്ത് ഇന്ത്യൻ ബാങ്കിലെ ഫോണസ്സ് പ്രശ്നം ഒത്തുതീർപ്പിലെത്തി

തൃശ്ശൂർ, മാ. 11

സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജ്മെന്റും ജീവനക്കാരും തമ്മിലുള്ള ഫോണസ്സ് തർക്കം ഇന്ത്യൻ ബാങ്ക് എംപ്ലോയീസ് അസോസ്സിയേഷൻ അസിസ്റ്റന്റ് സിക്രട്ടറി ശ്രീ വേലായുധൻനായരുടെ സന്നിധ്യത്തിൽ മന്ത്രാലയത്തിൽ എത്തിയിരിക്കുന്നു. ഒത്തുതീർപ്പു വ്യവസ്ഥകളനുസരിച്ച് "മാനേജ്മെന്റ് നേരത്തെ അനുവദിച്ചിരുന്നതിൻപ്രകാരം ഇരട്ടി ഫോണസ്സായി എല്ലാ ജീവനക്കാർക്കും നൽകുമെന്നും" സമ്മതിക്കുകയും, ജീവനക്കാർ നടത്തുവാൻ തീരുമാനിച്ചിരുന്ന എല്ലാ പ്രത്യക്ഷ സമരപരിപാടികളും പിൻവലിക്കുകയും ചെയ്തിരിക്കുന്നു.

കാർഷികഉപകരണ പ്രദർശനം

തൃശൂർ, മാ 11

നഗരനിരതിയിലുള്ള കാർഷിക ഉപകരണങ്ങളും കൃഷിക്കാരുടെ ഇടയിൽ പ്രചാരത്തിൽ വരുത്തുന്നതിനും ഇത്തരം ഉപകരണങ്ങളുടെ പ്രയോജനത്തെ സംബന്ധിച്ച് കൃഷിക്കാർക്ക് കൂടുതൽ കാര്യങ്ങളും ഗ്രഹിക്കുന്നതിനും സഹായകമായ വിധത്തിൽ തൃശൂർജില്ലയിൽ ഇവ വർഷം തുടർച്ചയായി കാർഷിക ഉപകരണങ്ങളുടെ 150 പ്രദർശനങ്ങളും നടത്തപ്പെടുകയുണ്ടായി,

ചെമ്മീനല്പന്നങ്ങൾക്ക് ഗുണനിയന്ത്രണം

മാർച്ച് 15 മുതൽ എർപ്പെടുത്തുന്നു

കൊല്ലം, മാർച്ച് 10

കേരളത്തിൽനിന്നും വിദേശങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്ന ചെമ്മീനും ചെമ്മീനല്പന്നങ്ങളും മാർച്ച് 15 മുതൽ കർശനമായ ക്വാളിറ്റി കൺട്രോൾ ഏർപ്പെടുത്തുന്നതാണ്.

ബോംബെ, ഗോവ, മദ്രാസ്, മംഗലാപുരം, കൊച്ചി, നീണ്ടകര എന്നീ മുറ കേന്ദ്രങ്ങളിലെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിലെ ഉന്നത ഉദ്യോഗസ്ഥന്മാരെ ക്വാളിറ്റി കൺട്രോളിംഗ് അതോറിട്ടികളായി ഇതിലേയ്ക്ക് കേന്ദ്ര കൊമേഴ്സ് മന്ത്രാലയത്തിൽനിന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

ക്വാളിറ്റി കൺട്രോൾ നടപ്പിലാക്കേണ്ട അതോറിട്ടികൾ താഴെപ്പറയുന്നവരാണ്:-

ബോംബെ, ഗോവാ എന്നീ സ്ഥലങ്ങളിലേയും മഹാരാഷ്ട്ര ഫിഷറീസ് ഡയറക്ടർ ഡോ. സി. വി. കൽക്കർണി, മദ്രാസും കൊച്ചിയും ഡോ. എ. എൻ. ബോസ്, ഡോ. വി. കെ. പിള്ള (അസിസ്റ്റൻ ഫിഷറീസ് ടെക്നോളജി ഓഫീസർ, എറണാകുളം), കോഴിക്കോട്-അസി. ഫിഷറീസ് ഡയറക്ടർ ശ്രീ. എ. ജി. വാസുദേവൻ കൊല്ലം-അസി. ഫിഷറീസ് ഡയറക്ടർ ശ്രീ. എം. കെ. ജോൺ, മംഗലാപുരം-ശ്രീ. ബി. ശാന്താരാമറാവു (സൂപ്രണ്ട്, ഫിഷറീസ് ടെക്നോളജി മംഗലാപുരം)

മേലിൽ കൺട്രോളിംഗ് അതോറിട്ടികളുടെ ഓഫീസുകളിലായ ഓട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ, മറ്റുള്ളവർക്കു ചെമ്മീൻ വിദേശങ്ങളിലേയ്ക്കു കയറ്റുമതി ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇന്ത്യയിൽനിന്നു കയറ്റുമതി ചെയ്യുന്ന ചെമ്മീൻ കയറ്റുമതി വ്യാപാരികളും, കമ്പനികളും ഓരോ കിലോഗ്രാമിനു നിശ്ചയിച്ചിട്ടുള്ള ഫീസ് ഷോപിലടച്ചു ചെല്ലാൻ സീലിതം കയറ്റുമതി ചെയ്യുന്നതിനു മുമ്പ് അതോറിട്ടിക്ക് അപേക്ഷകരും സമർപ്പിക്കേണ്ടതാണ്. അതോറിട്ടിയുടെ സർട്ടിഫിക്കേറ്റുമായി ചെമ്മീൻ വിദേശത്തും കപ്പലിൽ കയറുന്നതിനു കസ്റ്റംസ് അനുവദിക്കുന്നതാണ്.

[സ. ലേ]

ചേന്തല പ്രദേശത്ത് കോളറ പടരുന്നു

6 പേർ മരിയടഞ്ഞു

(സ. ലേ) ചേന്തല, മാർച്ച് 10

ചേന്തല താലൂക്കിൽപെട്ട, എഴുപുന്ന, കുത്തിയതോട്ട്, വയലാർ, കോക്കമംഗലം എന്നീ പ്രദേശങ്ങളിൽ കോളറാ ബാധമൂലം ആറുപേർ മരണമടഞ്ഞതായി റിപ്പോർട്ട് ലഭിച്ചിരിക്കുന്നു.

എഴുപുന്ന അസ്സംബ്ലിയിൽ പണ്ണുപേരും, തുറവൂർ അസ്സംബ്ലിയിൽ രാലുപേരും കോളറാ ബാധിച്ച് ചികിത്സയിൽ കഴിയുന്നു. താലൂക്കിൽനിന്ന് വിവിധ ജനകേന്ദ്രങ്ങളിലേക്ക് രോഗം പടർന്നുപിടിക്കുന്നതായും റിപ്പോർട്ടുണ്ട്. കട്ടാമ്പൽപ്രദേശങ്ങളിൽ കടുത്തനിരക്കിലായി വന്നവരും മരണമടഞ്ഞവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതായറിയുന്നു.

ആലപ്പുഴ ജില്ലയിൽ ഇപ്പോഴും, കോട്ടയം പൊതുകയാണെന്ന ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്ന റിപ്പോർട്ടുകളിൽ കാണുന്നു. പല സ്ഥലങ്ങളും ഉൾപ്പെടുന്നുണ്ട്. എന്നാൽ ഈ മരണവിവരങ്ങൾ വെളിക്കുവിടാൻ പലരും മടിക്കുന്നതിനെക്കുറിച്ചാണ് ഈ രോഗം പടരുന്നതിൻറെ മീകരത ശരിക്കും മനസ്സിലാക്കാത പോകുന്നതെന്നാണ് പലരുടേയും അഭിപ്രായം.

നാഷണൽ റൈഫിൾ ചാമ്പ്യൻഷിപ്പ് മത്സരം നാവികസേനയ്ക്ക് 43 മെഡലുകൾ ലഭിച്ചു

ന്യൂഡൽഹി, മാ. 10

ഇറയിടെ ഉദയേശ്വറിൽ സമാപിച്ച ഇന്ത്യയിലെ ദേശീയ റൈഫിൾ അസോസിയേഷൻ ചാമ്പ്യൻഷിപ്പ് മത്സരത്തിൽ ഇന്ത്യൻ നാവികസേന 11 സ്വർണ്ണമെഡലുകളും 13 വെള്ളിമെഡലുകളും 19 വീതമുള്ള മെഡലും കരസ്ഥമാക്കിയിരിക്കുന്നു.

സ്വർണ്ണമെഡലുകൾ കരസ്ഥമാക്കിയവർ

ഇരുപതിനു താഴെയുള്ളവർക്കുള്ള .22 റൈഫിൾ ചാമ്പ്യൻഷിപ്പുമത്സരത്തിൽ മർഡിനറി സീമൻ എസ്. കെ. ചന്ദ്രധരി നായർ ദേശീയ ചാമ്പ്യനായി തിരഞ്ഞെടുക്കപ്പെട്ടു. സായുധസേനകൾക്കുള്ള മത്സരത്തിൽ പെറ്റി ഓഫീസർ എസ്. ബി. ചാമർ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഫ്രീ റൈഫിൾ പ്രോൺ പൊസിഷൻ മത്സരത്തിൽ പെറ്റി ഓഫീസർ എം. എം. സിംഗ് വിജയിച്ചു. .22 റൈഫിൾ പ്രോൺ പൊസിഷൻ മത്സരത്തിൽ ഗൺഹിറ്റർ ശ്രീ. ഡി. എസ് രാജു ഒരു സ്വർണ്ണമെഡൽ നേടിയെടുത്തു ഏഴ് സ്വർണ്ണമെഡലുകൾ നാവികസേനാ ടീമുകളും കരസ്ഥമാക്കിയിട്ടുണ്ട്.

വെള്ളിമെഡലുകൾ കരസ്ഥമാക്കിയവർ

പെറ്റി ഓഫീസർ എസ്. ബി. ചന്ദർ, മർഡിനറി സീമൻ എസ്. കെ. ചന്ദ്രധരി, പി. പെറ്റി ഓഫീസർ ജി. ബി. സിംഗ് എന്നിവർ മുന്നു വെള്ളിമെഡലുകളും നാവികസേനാ ടീമുകൾ പന്ത്രണ്ടെണ്ണവും കരസ്ഥമാക്കി.

വീണ്ടും മെഡലുകൾ കരസ്ഥമാക്കിയവർ

ലഫ്. പി. വാസു, പീഫ് പൊറ്റി ഓഫീസർ ജി. ബി. സിംഗ്, മർഡിനറി സീമൻ എസ്. കെ. ചന്ദ്രധരി എന്നിവർ മുന്നു വീതമുള്ള മെഡലുകളും നാവികസേനാ ടീമുകൾ 16 എണ്ണവും കരസ്ഥമാക്കി.

മൊത്തം 135 മെഡലുകൾ സമ്മാനിച്ചതിൽ നാവികസേനയ്ക്ക് 43 മെഡലുകൾ ലഭിക്കുകയുണ്ടായി.

....

സെനിത് മനുഷ്യനു ശാസ്ത്രിയുടെ സന്ദേശം

ന്യൂഡൽഹി, മാ. 11

ബെച്ചുവാനാലാന്റിൽ ആഭ്യന്തര പ്രധാന മന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടതിൽ അഭിനന്ദിച്ചുകൊണ്ട് മി. ഹസ്രിത് സെഖാമുള പ്രധാനമന്ത്രി ശ്രീ, ലാൽ ബഹദൂർശാസ്ത്രി ഒരു സന്ദേശം അയച്ചുകൊടുത്തിരിക്കുന്നു.

വടകരയിലെ ലൈറ്റ് ഹൗസ്

ന്യൂഡൽഹി, മാ. 10

കേരളത്തിൽ വടകരയിൽ നിർമ്മിക്കുന്ന ലൈറ്റ്ഹൗസിന്റെ നിർമ്മാണപ്രവർത്തനം സംസ്ഥാന ഗവണ്മെന്റ് അംഗീകരിച്ചു കഴിഞ്ഞിട്ടില്ലെന്നും, ഈ കൊല്ലത്തിനുള്ളിൽ ഉത്തരാർത്തിൽ അതിന്റെ നിർമ്മാണജോലി ആരംഭിക്കാൻ കഴിയുമെന്നുണ്ടോ സംസ്ഥാനഗവണ്മെന്റ് പ്രതീക്ഷിക്കുന്നതെന്നും ലോകസഭയിൽ എ. വി. രാഘവൻ, എസ്. കെ. പൊറ്റക്കാട്ട് എന്നിവരുടെ ചോദ്യത്തിനു മറുപടിയായി ഗതഗതവകുപ്പ് മന്ത്രി ശ്രീ ജഗ്ജീവൻറാം പറഞ്ഞു.

കയറുല്പന്നങ്ങളുടെ എംപോറിയം

തൃശൂർ മാ. 11

തൃശൂരിലെ പരിഞ്ഞാറേ നടക്കാവിലുള്ള കയർശില എംപോറിയത്തിനോടനുബന്ധിച്ചു കയർബോർഡു നിർമ്മിച്ചിട്ടുള്ള കയറുല്പന്നങ്ങളുടെ അംഗീകൃതവില്പനകേന്ദ്രം ജനുവരിയിലും പരിഷ്കൃതമായ രീതി എംപോറിയവും മാർച്ച് 17-ാം തീയതി ബുധനാഴ്ച രാവിലെ 6 മണിക്ക് കയർബോർഡ് ചെയർമാൻ എം പി അലക്സാണ്ടർ ഉൽഘാടനം ചെയ്യുന്നതാണ്. ഉൽഘാടനത്തോടനുബന്ധിച്ചു കേരള വ്യവസായ വാണിജ്യഡയറക്ടർ വി. രവികിഷോർ നാരായണൻ അദ്ധ്യക്ഷതവഹിക്കുന്നതായിരിക്കും.

സാമൂഹ്യക്ഷേമ പ്രവർത്തനം

തൃശൂർ മാ. 11

തൃശൂർ ജില്ലയിലെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഈ സാമ്പത്തിക വർഷത്തെ പത്തുമാസത്തിൽ 64,765 രൂപാ വിനിയോഗിച്ചിരിക്കുന്നു. ആകെ ഈ വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 68,600 രൂപായുടെ 94 ശതമാനവും ഇപ്പോൾ ചെലവ്ചെയ്തു കഴിഞ്ഞു.

★

ശാന്തിവനവികസന പദ്ധതി

(പി. ടി. ഐ) ന്യൂഡൽഹി മാ. 11

സ്വർഗ്ഗീയ സമാധി പരിസരത്തെ ശാന്തിവന വ്കസനം സംബന്ധിച്ച മന്ത്രിതല കാലപരിധി അടുത്ത രണ്ടാഴ്ചക്കുള്ളിൽ നിശ്ചയിക്കുമെന്നു മന്ത്രി ലാൽ ബഹദൂർ ശാസ്ത്രി പാർലമെന്റിനെ അറിയിച്ചു.

ശാന്തിവനത്തിന്റെ വികസനം സംബന്ധിച്ച് ഒരു പ്രമേയത്തിന്മേൽ ലോക്സഭയിൽ നടന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ടാണ് ശ്രീ ശാസ്ത്രി ഇക്കാര്യം പറഞ്ഞത്.

വെറൈറ്റി ഡിസ്പെൻസറിയും ഗ്രാമസേവക് ആഫീസുകളും

പുഴക്കൽ മാ. 11

പുഴയ്ക്കൽ ഒരു വെറൈറ്റി ഡിസ്പെൻസറി പണിയുന്നതിന് 19,700 രൂപയും എടക്കുളത്ത് ഒരു വെറൈറ്റി സബ്സ് സെന്റർ പണിയുന്നതിന് 10,000 രൂപയും അനുവദിച്ചു. ഗ്രാമസേവക് ആഫീസ്, എടക്കുളത്തും എന്നീ സ്ഥലങ്ങളിൽ മാരോ ഗ്രാമസേവക് ആഫീസ് വീതിക്കുന്നതിന് 15,000 രൂപയും ചിലവഴിക്കുന്നതിന് പുഴക്കൽ ബ്ലോക്ക് ഡവലപ്പ്മെന്റ് കമ്മിറ്റി അനുമതി നൽകിയിരിക്കുന്നു.

—

കൃഷിസ്ഥലം ഒഴിക്കരുതെന്നു നിവേദനം

തൃശൂർ, മാ. 11

തൃശൂർ താലൂക്കിൽ കിള്ളന്നൂർ വില്ലേജ് പുഴാക്കൽ പരിസരങ്ങളിലുള്ള പുറമ്പോക്ക കൃഷിക്കാരെ ഇതിനകം മിയവി ഫലരാക്കിയിരിക്കുന്ന 'ജണ്ടപ്രസ്ഥാനം' അവണൂർ പഞ്ചായത്തു അടിയന്തിരമായി പരിഗണിക്കുകയും, അതിനെ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും തൃശൂർ ജില്ലാ കളക്ടർ അവർകളോടും ജില്ലാ ഹോസ്സ് മാഫീസർ അവർകളോടും അഭ്യർത്ഥിക്കുന്ന ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു.

ടി. പി. സീതാരാമനും എ. എം. കുരുക്കേശനും കലക്ടറേയും ഹോസ്സ് മാഫീസറേയും സമീപിച്ചു നിവേദനവും നൽകുകയും അധികൃതർ അനുഭാവപൂർവ്വമായ മറുപടിനൽകുകയും ചെയ്തു.

—

കെ. ടി. പി. ഗുരുവായൂർ മണ്ഡലം പ്രവർത്തകയോഗം

ചാവക്കാട്, മാ. 11

കർഷക-തൊഴിലാളി പാർട്ടി ഗുരുവായൂർ മണ്ഡലം പ്രവർത്തകരുടേയും തിരഞ്ഞെടുപ്പുകമ്മറ്റി പ്രവർത്തകരുടേയും ഒരു സംയുക്ത യോഗം 14-3-65ന് ഞായറാഴ്ച കാലത്തു 10 മണിക്ക് ചാവക്കാട്ടുള്ള കെ. ടി. പി. തിരഞ്ഞെടുപ്പുകമ്മറ്റി ഓഫീസിൽവച്ച് ചേരുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

പല പ്രധാന പ്രശ്നങ്ങളെപ്പറ്റിയും അടിയന്തിരമായി തീരുമാനങ്ങളുണ്ടാക്കുവാനുള്ളതുകൊണ്ട്, എല്ലാ പ്രവർത്തകരും ഇതു ഒരു ക്ഷണമായി കരുതി കൃത്യസമയത്തിനു തന്നെ യോഗത്തിലെത്തിച്ചേരണമെന്ന് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

മുൻകൂട്ടി പോലീസ് അനുമതി വാങ്ങണം

പരപ്പക്കാവ് പൂരം എഴുന്നള്ളിപ്പ് സംബന്ധിച്ച അറിയിപ്പ്

കന്നംകുളം മാ 11

കന്നംകുളം പോലീസ് സ്റ്റേഷനുകീഴിൽപെട്ട എരുനെല്ലൂർ വില്ലേജിൽ പരപ്പക്കാവ് ക്ഷേത്രത്തിൽ 13, 14 തീയ്യതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ഓരോ പ്രദേശക്കാരുടെ പൂരം എഴുന്നള്ളിച്ചു കൊണ്ടുവരേണ്ടതിലേക്ക് മുൻകൂട്ടി തൃശൂർ പോലീസ് സൂപ്രണ്ടിന്റെ അനുമതി വാങ്ങേണ്ടതാണെന്ന് തൃശൂർ പോലീസ് സൂപ്രണ്ട് അറിയിക്കുന്നു. അപ്രകാരം അനുമതി വാങ്ങാതെ പൂരം എഴുന്നള്ളിച്ചുകൊണ്ടുവരുന്നവരുടെ പേരിൽ കേരള പോലീസ് ആക്ട് പ്രകാരം നടപടി എടുക്കുന്നതാണ്.

Printed and Published by Paul Valappila for the A. C. P. Institute at the Thozhilali Press Trichur.

തൃക്കണാമല തുറമുഖം ചൈനക്ക് കൊടുത്തിട്ടില്ല

സിലോൺ പ്രധാനമന്ത്രിയുടെ വിശദീകരണം

[പി. ടി. ഐ] കൊളമ്പോ, മാ. 11

1963-ൽ സിലോണും, ചൈനയും തമ്മിലുണ്ടായ നാവികകരാറ് നിഷ്പ്രയാസമായ ഒന്നല്ലെന്നും പ്രധാനമന്ത്രി സിരിമാവൊ ബന്ധനായിക്ക് പ്രസ്താവിച്ചിരിക്കുന്നു.

ഈ ഉടമ്പടിയിൽപ്രകാരം തൃക്കണാമല തുറമുഖത്ത ചൈനക്ക് വിട്ടുകൊടുത്തിരിക്കുന്നുവെന്നും പറയുന്നതിൽ ഒന്നുകിൽ നല്ല വള്ളുവള്ള ഭാവനയേണം; അല്ലെങ്കിൽ ദ്രോഹമനോഭാവം വേണമെന്നു ബഹർ പറഞ്ഞു.

ഈ ഉടമ്പടി അനുസരിച്ചു തന്നെ പരസ്യമായിട്ടുള്ളതാണ്. മാത്രമല്ല പാർലിമെന്റിൽ അതു ചർച്ച ചെയ്യപ്പെടുകയും ചെയ്തു. വ്യാപാര കപ്പൽ ഗതാഗതത്തെ നിയന്ത്രിക്കുന്നതിനുള്ള ഒരു ഉടമ്പടിമാത്രമാണിതെന്നും അതിലെ ഓരോ വകുപ്പുകളും വായിച്ചുനോക്കിയാൽ മനസ്സിലാകുന്നതാണെന്നും.

പ്രതിപക്ഷനായ സോളമൻ ബന്ധാരനായിക്ക് പ്രധാനമന്ത്രിയായിരുന്ന സമയത്താണ് 1959 ൽ സിലോണും, ചൈനയുമായി ഒരു മൈത്രീകരാറും ഉണ്ടായിട്ടുണ്ടു.

നാവികകരാർമൂലം ചൈനീസ് യുദ്ധക്കപ്പലുകൾക്ക് സിലോൺ തുറമുഖങ്ങളിൽ പ്രവേശിക്കുന്നതിനും കഴിയുമെന്ന ഒരു പ്രതിഷേധം ഉയർത്തിക്കൊണ്ട് പരാമർശിച്ചുകൊണ്ട്, ഏതൊരു രാഷ്ട്രത്തിനും യുദ്ധക്കപ്പലുകൾക്കും സിലോൺ ജലമേഖലയിൽ കടക്കണമെങ്കിൽ പ്രത്യേകാനുവാദം വേണമെന്നതു സിരിമാവോ പറഞ്ഞു.

—

തൃശൂർവാർത്തകൾ

ബാലചിത്രപ്രദർശനം

കേരളസ്റ്റാറ്റ് ചിൽഡ്രൻസ്ഹിലീം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മാ. 13, 14 തിയതികളിൽ ചിൽഡ്രൻസ് പാർക്കിൽവച്ച് ഒരു ബാലചിത്രപ്രദർശനം നടത്തപ്പെടുന്നതായിരിക്കും ഇതു സമ്മന്ധിച്ചുള്ള പ്രദർശനം കാണുന്നതിന് എല്ലാവർഗ്ഗിലും രക്ഷകർത്താക്കളും തല്പരരായ കുഞ്ഞുങ്ങളുമായി വന്ന് സംഘാടകരെ വിജയിപ്പിക്കാൻ അഭ്യർത്ഥിക്കുന്നു.

—

പ്രതിഷേധയോഗ